For private circulation only

# ഇന്ത്യൻ ബ്രദറൺ

സത്യവചനത്തിന്റെ കാലോചിത സമർപ്പണം

ബ്രദറൺ ക്രിസ്ത്യൻ ചർച്ചസ് ഫെലോഷിപ്പ് പ്രസിദ്ധീകരണം

പുസ്തകം 1, ലക്കം 5, 2011 ഒക്ടോബർ 20

# വൈ.എം.ഇ.എഫ്. പഠന ക്യാമ്പ് സമാപിച്ചു




*ബ്രദർ എം.കെ. ജോയൽ ആമുഖ പ്രഭാഷണം നടത്തുന്നു. ഡോ. ജോസഫ് മഥുരം, ജോസ് മാങ്കുടി, കെ.വി. മാത്യു, വർഗീസ് കുര്യൻ തുടങ്ങിയവർ സമീപം.*

**പുത്തൻകാവ്:** യംഗ് മെൻ ഇവാൻജലിക്കൽ ഫെലോഷിപ്പ് രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന പഠനക്യാമ്പ് പുത്തൻകാവിൽ അനുഗ്രഹമായി സമാപിച്ചു. എ.ജെ. ഉമ്മൻ, സാമുവേൽ തോമസ് എന്നിവർ സന്ദേശങ്ങൾ നല്കി.

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള 15നും 35നും മദ്ധ്യേ പ്രായമുള്ള 250ൽപരം യുവസഹോദരന്മാർ ക്യാമ്പിൽ പങ്കെടുത്തു.

'പത്ഥ്യോപദേശവും ഭക്തിക്കൊത്ത ജീവിതവും' എന്ന വിഷയത്തെ അധികരിച്ചുള്ള പഠനങ്ങൾക്ക് ഡോ. ജോസഫ് മഥുരം, ബ്രദർ വർഗീസ് കുര്യൻ, ബ്രദർ. ജോസ് മാങ്കുടി എന്നിവർ നേതൃത്വം നല്കി. കവിതാപാരായണം, ബൈബിൾ ക്വിസ്, രചനകൾ, ടാലന്റ് ടൈം, ഗാനപരിചയം തുടങ്ങിയ പരിപാടികളും ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു.

രണ്ടു ലക്ഷത്തോളം രൂപ ക്യാമ്പിനു ചെലവായി. ദൈവജനത്തിന്റെ നിർലോഭമായ സഹകരണം ഈ ശുശ്രൂഷയ്ക്ക് ലഭ്യമായത് ദൈവഹിതപ്രകാരം നടന്ന ശുശ്രൂഷയുടെ തെളിവായി സംഘാടകർ കാണുന്നു. നിരവധി യുവാക്കൾ പുതിയ തീരുമാനവും സമർപ്പണവും ഉള്ളവരായിട്ടാണ് ക്യാമ്പിൽനിന്നും മടങ്ങിയത്.

ബ്രദറൺ യുവാക്കളുടെ ആത്മീക അഭിവൃദ്ധി ലക്ഷ്യമിട്ടു ബ്രദറൺ യുവജനസംഘടന സമാനമായ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. സുവിശേഷീകരണ രംഗത്തും വൈ.എം.ഇ.എഫ്. ഏറെ മുന്നോട്ടുപോകുവാൻ ഇടയായിട്ടുണ്ട്.

ഒക്ടോബർ 7, 12.30ന് നടന്ന സമാപന സമ്മേളനത്തോടെ ക്യാമ്പ് സമാപിച്ചു. വൈ. എം. ഇ. എഫ് ജനറൽ പ്രസിഡന്റ് എം. കെ. ജോയലിന്റെയും സെക്രട്ടറി ജേക്കബ് പി. മാത്യുവിന്റെയും നേതൃത്വത്തിൽ ഒരു പറ്റം യുവസഹോദരന്മാരുടെ പ്രാർത്ഥനയോടെ നടന്ന അദ്ധ്വാനങ്ങളാണ് ക്യാമ്പിനു വിജയമായത്. ക്യാമ്പിന്റെ അനുധാവന പ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കുമെന്നും സംഘാടകർ ഇന്ത്യൻ ബ്രദറൺ ടീമിനോട് പങ്കുവച്ചു.

## രചനകൾ മഹാരാജാവിനു അർപ്പിക്കുക: ജോർജ്ജ് സൈമൺ




*ബിഎസ്പിഎസ് ഏകദിന സമ്മേളനം ബ്രദർ ജോർജ് സൈമൺ ഉദ്ഘാടനം ചെയ്യുന്നു.*

**ഇടയാറന്മുള:** വിശ്വാസികൾ തങ്ങളുടെ സർഗ്ഗശേഷി മഹാരാജാവിന്റെ പ്രസാദത്തിന് അർപ്പിക്കണമെന്ന് ബ്രദർ ജോർജ്ജ് സൈമൺ. ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ ഏകദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മഹാരാജാവായ നമ്മുടെ ദൈവം പ്രസാദിക്കുന്ന രചനകളേ നാം രചിക്കാവു എന്നും മഹാകവി കെ. വി. സൈമന്റെ കൊച്ചുമകൻ കൂട്ടിച്ചേർത്തു. ബ്രദർ പി. ഇ. സാംകുട്ടി അദ്ധ്യക്ഷനായിരുന്നു.

ഇടയാറന്മുള മഹാകവി കെ. വി. സൈമൺ മെമ്മോറിയൽ ബ്രദറൺ ചർച്ചിൽ സെപ്റ്റംബർ 30 വെള്ളി രാവിലെ 9: 30 മുതൽ നടന്ന ഏകദിന സമ്മേളനത്തിൽ മഹാകവിയുടെ കവിതകളിലെ ക്രിസ്തു ദർശനം, സാഹിത്യ സംഭാവനകൾ എന്നീ വിഷയങ്ങളിൽ ബ്രദർ. ജോർജ്ജ് കോശി, ബ്രദർ. ഇ. എസ്. തോമസ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

കെ. എ. ഫിലിപ്പ്, ജോസഫ് മാത്യു, ലിജോ വർഗീസ് പാലമറ്റം, സാംസൻ ഹെൻട്രി, കെ. എം. സാമുവേൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സി. റ്റി. ജോണിക്കുട്ടി മോഡറേറ്ററായിരുന്നു.

ബ്രദറൺ സമൂഹത്തിലെ പ്രമുഖസാഹിത്യകാരന്മാരും സാഹിത്യാസ്വാദകരുമടങ്ങിയ വലിയ സമൂഹം മഹാകവിയുടെ ജന്മസ്ഥലവും പ്രധാന പ്രവർത്തനവേദിയുമായിരുന്ന ഇടയാറന്മുളയിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്തു.

പി.വി. തോമസ് (ഹ്യൂസ്റ്റൻ), എം. വി. ബാബു, വില്യം പി. ജോർജ്ജ്, സാം ബഞ്ചമിൻ, ജോസ് തോമസ്, എ.പി. ജോസ്, പി.റ്റി. ജോർജ്ജ്, പി. പി. വർഗീസ്, റോയി മീമ്പാറ, ലീലാമ്മ കുരിയാക്കോസ് എന്നിവർ സൈമൺ കൃതികൾ അവതരിപ്പിച്ചു.

സാം സഖറിയ, ടൈറ്റസ് സാമുവേൽ, വർഗീസ് തോമസ്, പി. വി. വർഗീസ് (അങ്കമാലി) എന്നിവർ നേതൃത്വം നല്കി.

വിസ്മൃതിയിലാണ്ടുപോയ സൈമൺ കൃതികളെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകത കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

സൈമൺ സാറിന്റെ ഏകമകൾ സമ്മേളനത്തിൽ പങ്കെടുത്തു. തന്റെ പിതാവിന് ക്രൈസ്തവലോകം നല്കുന്ന ആദരവിൽ ദൈവത്തിന് മഹത്വം കരേറ്റി. റേഡിയോ മന്നയിലൂടെ ഏകദിന സമ്മേളനം സംപ്രേഷണം ചെയ്യുവാൻ കഴിഞ്ഞതും സന്തോഷകരമായി.

ഉച്ചകഴിഞ്ഞു നടന്ന പൊതുയോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പഴയ ഭാരവാഹികളെ കൂടാതെ ബ്രദർ എം. വി. ബാബുവിനെ സ്റ്റേറ്റ് കോർഡിനേറ്ററായി ചുമതലപ്പെടുത്തി.

## പത്തനംതിട്ട ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്:

### സുവിശേഷക്യാമ്പുകൾ ഒക്ടോബർ 13ന് തുടങ്ങും

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് അദ്ധ്യാപകരും വിദ്യാർത്ഥികളും വർഷങ്ങളായി നടത്തിവരുന്ന ഔട്ട് റീച്ച് പ്രവർത്തനം ഒക്ടോബർ 13ന് ഇൻഡ്യയിലെ ആറു സ്ഥലങ്ങളിൽ ആരംഭിക്കും. നവംബർ 4ന് സമാപിക്കും.

ആസാം, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ്, തമിഴ്നാട്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലും കേരളത്തിന്റെ മൂന്നു സ്ഥലങ്ങളിലുമാണ് ഈ വർഷം ക്യാമ്പ് നടക്കുന്നത്.

ഡോ. കെ.സി. ജോൺസൻ, ഡോ. ഒ. എം. സാമുവേൽ, ജോഷി ഏബ്രഹാം, ജോമോൻ കെ. ജോസഫ്, ചാർളി മാത്യു, ജേക്കബ് തോമസ്, ബിനു സാമുവേൽ, ദാനി എസക്കിയേൽ എന്നീ അദ്ധ്യാപർ ടീം നയിക്കും.

കേരളത്തിൽ വാളകം, ഇടുക്കിയിലെ ചെറുതോണി, ഉടുമ്പൻചോല എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ. കെ.ജെ. ജോർജ്ജ്, റോയി പൗലൊസ്, വി.എം. പോൾ, റ്റി.ജെ. ജാകസൻ എന്നിവർ ശുശ്രൂഷാ ക്രമീകരണങ്ങൾ നിർവ്വഹിക്കും. ഈ യാത്രകളെയും ശുശ്രൂഷകളെയും പ്രാർത്ഥനയിൽ ഓർത്താലും

## സ്കൂൾ ഇവാഞ്ചലിസം 27 വർഷം പിന്നിട്ടു

**മണ്ണാരത്തറ:** സുവി. കെ.വി മാത്യുവും കൂട്ടു സഹോദരൻമാരും സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തിവരുന്ന സ്റ്റുഡൻസ് കൗൺസിലിംഗ് ശുശ്രൂഷ 27 വർഷം പിന്നിടുവാൻ കർത്താവ് കൃപ ചെയ്തു. ഈശ്വരബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ തലമുറയിൽ ധാർമ്മികതയ്ക്കും ബന്ധങ്ങൾക്കും മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും അതിപ്രസരം ധാർഷ്ഠ്യത്തിനും തന്നിഷ്ഠത്തിനും വഴിവച്ച പുതിയ സംസ്ക്കാരത്തിന്റെ ഉടമകളാക്കി പുതുതലമുറയെ മാറ്റി മറിച്ചിരിക്കുന്നു.

വഴിതെറ്റിയ ജീവിത ശൈലികളിൽ മദ്യം, മയക്കുമരുന്ന്, അശ്ലീലസാഹിത്യങ്ങൾ, പ്രേമബന്ധങ്ങൾ, പീഢനങ്ങൾ റാഗിംഗ്, ആത്മഹത്യാപ്രവണതകൾ, കൊട്ടേഷൻ സംഘങ്ങളിൽ സജീവമാകൽ തുടങ്ങിയ സാമുഹ്യതിന്മകൾ സ്വാധീനം ചെലുത്തുന്നു. മതം, വിശ്വാസങ്ങൾ, നിയമങ്ങൾ, കോടതി, പോലീസ്, ജയിൽ ശിക്ഷ തുടങ്ങിയവയ്ക്കൊന്നും കാര്യമായ സ്വാധീനം ചെലുത്തുവാൻ ആകാതെ പോവുകയാണ് യുവാക്കളിൽ ഇങ്ങനെ തകർന്നു കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ മദ്ധ്യേ പ്രാർത്ഥനയോടെ ആവുന്നത് ചെയ്യുവാൻ സമർപ്പിച്ചിരിക്കുകയാണ് സ്റ്റുഡൻസ് കൗൺസിലിംഗ് ആന്റ് മോറൽ എഡ്യുക്കേഷണൽ സൊസൈറ്റി.

ശേഷം പേജ് 6 ൽ

CMYK

എഡിറ്റോറിയൽ



# ചുമതലകളിൽ വിശ്വസ്തത പാലിക്കുക

മഹാപണ്ഡിതനായ വില്യം ഇ. റൈറ്റ് ഒരിക്കൽ ഇങ്ങനെ എഴുതി 'ഞാൻ ആദ്യമായി *Geometry* പഠിക്കുവാൻ തീരുമാനിച്ചു. അതിലെ പ്രാരംഭ പാഠങ്ങൾ അടങ്ങിയ പുസ്തകം വാങ്ങിയത് ഞാൻ ഒരിക്കലും മറക്കുകയില്ല. അക്കാലത്ത് പുസ്തകങ്ങൾ കണ്ടാൽ ഒടുവിലത്തെ പേജ് മുതൽ പുറകോട്ടുവായിക്കുകയും മറിച്ചു നോക്കുകയും ചെയ്യുന്ന ദുഷ്പരിചയം എനിക്കുണ്ടായിരുന്നു. ഈ പുതിയ പുസ്തകം വാങ്ങിയപ്പോൾ ഞാൻ അപ്രകാരം ചെയ്തു. ഒടുവിലത്തെ പേജിൽ ഞാൻ കണ്ടത് വളരെ പ്രയാസകരമായ ഒരു ജ്യോമറ്ററി ചോദ്യമായിരുന്നു. ഇതു ചെയ്യുന്നതിനോ മനസ്സിലാക്കുന്നതിനോ അശേഷം പ്രാപ്തി ഇല്ല എന്ന് എനിക്കു തോന്നിയതിനാൽ ഈ പഠനം എന്നെക്കൊണ്ട് അസാദ്ധ്യം എന്നു ഞാൻ തീരുമാനിച്ചു. എന്നെന്നേക്കുമായി ഈ പഠനം ഉപേക്ഷിക്കുവാൻ ഞാൻ നിശ്ചയിച്ചു. എന്റെ പരിഭ്രമവും നിരാശയും കണ്ട എന്റെ പിതാവ് എന്നോട് സംസാരിച്ചു. പുസ്തകത്തിന്റെ ഒന്നാം പുറം മുതൽ പഠിക്കുക, ക്രമമായി ഓരോ പാഠഭാഗവും വായിച്ചു പഠിക്കുക എന്ന ഉപദേശം നൽകിയത് ഞാൻ സ്വീകരിച്ചു. എന്റെ ഭയം മുഴുവൻ മാറി. ഓരോദിവസവും ഓരോന്നായി ഞാൻ പാഠഭാഗങ്ങൾ പഠിക്കുവാൻ തുടങ്ങി. എന്നെ അധൈര്യപ്പെടുത്തിയ ചോദ്യവും നിഷ്പ്രയാസം ചെയ്യാൻ എനിക്ക് ഇടയായി. എന്റെ ഭോഷത്വം ഞാൻ മനസ്സിലാക്കി.'

**ജീവിതത്തിലെ വലിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുള്ള വഴികൾ ദൈവവചനം നമ്മുക്ക് പകർന്നു നല്കുന്നു. പ്രാരംഭദശയിലെ ചെറിയ പ്രശ്നങ്ങൾ ക്ഷമയോടും സഹനശക്തിയോടും ധൈര്യത്തോടും നാം അഭിമുഖീകരിക്കണം. അതിനുള്ള വിവേകവും ബുദ്ധിയും ദൈവം തന്റെ വചനത്തിലൂടെ നൽകും.**

ജീവിതത്തിലെ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന നമുക്ക് ഈ പണ്ഡിതന്റെ അനുഭവകഥ നല്ല മാതൃക നൽകുന്നു. ജീവിതപ്രശ്നങ്ങൾ വരുമ്പോൾ ക്രമാനുഗതമായി അവയെ അഭിമുഖീകരിക്കണം. ജീവിതത്തിലെ വലിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുള്ള വഴികൾ ദൈവവചനം നമ്മുക്ക് പകർന്നു നല്കുന്നു. പ്രാരംഭദശയിലെ ചെറിയ പ്രശ്നങ്ങൾ ക്ഷമയോടും സഹനശക്തിയോടും ധൈര്യത്തോടും നാം അഭിമുഖീകരിക്കണം. അതിനുള്ള വിവേകവും ബുദ്ധിയും ദൈവം തന്റെ വചനത്തിലൂടെ നൽകും. ജീവിതത്തിൽ സംഭവിക്കാൻ ഇടയുള്ള ഭീമമായ പ്രശ്നങ്ങളും പ്രയാസങ്ങളും മുൻകൂട്ടി കണ്ട് ഭയപ്പെടുന്നത് ബുദ്ധിശൂന്യതയാണ്. നമ്മുടെ പ്രവർത്തനരംഗങ്ങളിൽ നമ്മെ നിരാശപ്പെടുത്തുവാനും തളർത്തുവാനും പിറകോട്ടുകൊണ്ടുപോകുവാനും പലർ ശ്രമിച്ചെന്നുവരാം. നല്ല പ്രവർത്തനങ്ങളെയും ഉദ്ദേശശുദ്ധിയേയും ചിലർ ചോദ്യം ചെയ്തെന്നുവരാം. എത്ര ആവർത്തിച്ചു പറഞ്ഞാലും തെങ്ങിൽ കിടക്കുന്നതു മാങ്ങാ തന്നെ എന്ന് സമ്മതിച്ചാലേ ചിലർക്കു തൃപ്തി വരു .

വലിയ കാര്യങ്ങളിൽ മാത്രമല്ല നിസ്സാരകാര്യങ്ങളിലും നാം വിശ്വസ്തത പാലിക്കണം. നമ്മുടെ ശുശ്രൂഷകളിൽ ,പ്രവർത്തനരംഗങ്ങളിൽ, ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന വിവധ ചുമതലകളിൽ വിശ്വസ്തത പുലർത്തേണ്ടത് നമ്മുടെ കടമയാണ്. ന്യായവിധി വിശ്വാസികൾക്കില്ല എന്ന ആശ്വാസത്തിൽ നാം അന്യായത്തിന് കൂട്ടുനിൽക്കുകയോ അന്യായകാര്യങ്ങൾ ചെയ്യുകയോ പാടില്ല. നമ്മെ എല്പിച്ചിരിക്കുന്ന ഉത്തരവാദിത്തത്തിലും അന്യായമായ ആരോപണങ്ങൾ തുടർച്ചയായി എല്ക്കേണ്ടിവന്നാലും തളർന്നു പോകാൻ പാടില്ല. ക്രൈസ്തവവിശ്വാസത്തിന്റെ പ്രാരംഭദശയിൽ ധർമ്മോപദേഷ്ടവായ ഗമാലിയേൽ നൽകിയ പ്രബോധനം ഓർക്കുക ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചുപോകും. ദൈവികം എങ്കിലോ നിങ്ങൾക്ക് അതു നശിപ്പിക്കാൻ കഴിയുകയില്ല. (അ.പ്രവൃത്തി 5.38). ഈ വാക്കുകൾ ദൈവമക്കളായ നമ്മെ ധൈര്യപ്പെടുത്തുന്നു. ആരോപണശരങ്ങൾ തുടർന്നെന്നുവരാം. നിക്ഷിപ്ത താല്പര്യക്കാരും സങ്കുചിത ചിന്താഗതിക്കാരും ദൈവമക്കളുടെ സത്യസന്ധതയെയും ആത്മാർത്ഥതയെയും ആക്ഷേപത്തോടെ ചോദ്യം ചെയ്താലും ദൈവസന്നിധിയിൽ നാം തോൽക്കുകയില്ല. വിജയശ്രീലാളിതനായ നമ്മുടെ കർത്താവിന്റെ അനുഗ്രഹത്തിന്റെയും സാന്ത്വനത്തിന്റെയും വാക്കുകൾ നമ്മുടെ ചുമതലകൾ നന്നായി നിർവ്വഹിക്കുവാൻ നമ്മുക്കു ധൈര്യം തരും.

നമ്മുടെ ചുമതലകൾ പടിപടിയായി നമ്മുക്കു നിറവേറ്റാം. റോമാനഗരം ഒരു ദിവസംകൊണ്ടല്ല പണിതത് എന്ന ആപ്തവാക്യം ശ്രദ്ധേയമാണ്. ദൈവം എല്പിച്ചിരിക്കുന്ന ചുമതലകൾ എല്ലാ വിശ്വാസികളും എന്താണെന്ന് തിരിച്ചറിഞ്ഞ് വിവേകത്തോടും ആത്മാർത്ഥതയോടും ചെയ്തു തീർക്കാം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ.

**പി. ഇ. സാംകുട്ടി**



## കത്തുകൾ പ്രതികരണങ്ങൾ

### നിലവാരം സൂക്ഷിക്കുക

സർ, ഇൻഡ്യൻ ബ്രദറൺ കാണുവാനിടയായി. ഇത്ര മനോഹരമായ രീതിയിൽ ഒരു പത്രം നമ്മുടെ മദ്ധ്യേ ഉണ്ടായതിൽ വളരെ സന്തോഷമുണ്ട്. ഈ നിലവാരം കാത്തു സൂക്ഷിക്കുക. ആശംസകൾ.

***എം. വൈ ജോൺസൺ, തൃശ്ശൂർ.***

### അത്യന്താപേക്ഷിതം

പ്രിയ സഹോദരാ,

ഇൻഡ്യൻ ബ്രദറൺ ലഭിച്ചു. വളരെ നന്നായിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ വളരെ അത്യന്താപേക്ഷിതമായിരിക്കുന്ന ഒരു ശുശ്രൂഷയാണിത്. ഞാനും കുടുംബവും ഞങ്ങളുടെ സഭയും മാസികയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കും.

***ഒ.പി. ഏലീയാസ്, കൊച്ചി 17***

### മുന്നേറുക

പത്രാധിപർക്ക്,

മാസികയുടെ 4-ാം ലക്കവും ലഭിച്ചു. ലേഖനങ്ങൾ ഒന്നിനൊന്നു മെച്ചപ്പെട്ടിട്ടുണ്ട്. പുരോഗതിയും ഉണ്ട്. മാദ്ധ്യമരംഗത്തെ ഭ്രൂണഹത്യ എന്ന കെ.പി. ജോർജ്ജ് മൈലപ്രയുടെ ലേഖനം കാലോചിതം ആയിരുന്നു. സഹജീവികളോടുള്ള ക്രൂരതയും കൊലപാതകശ്രമവും ആത്മീകരംഗത്ത് വളരെയുണ്ട്. പിശാചിന്റെ സന്തതിയായ കയീന്റെ ശ്രമങ്ങൾ ആണത്. അവൻ ആദിമുതൽ ചെയ്തു വരുന്ന പ്രവൃത്തി. മനസ് മടുക്കരുത്. മുന്നേറുക. ആശംസകൾ.

***എ. എം. ജോസഫ്, അയണിപ്പറമ്പിൽ***

# എന്താണ് ഇടുക്കിയിൽ നടന്നത്? നടക്കുന്നത്?

*പ്രിയ പത്രാധിപർക്ക്,*

കർത്താവിൽ വന്ദനം. കരുന്തരുവിയിൽ നടന്ന ബിലീവേഴ്സ് മീറ്റിനോടു അനുബന്ധിച്ച് ചില മാസികകളിൽ വന്ന വാർത്തകൾ ഇടുക്കിയിലുള്ള വിശ്വാസികളായ ഞങ്ങൾക്ക് വളരെ മനോദുഃഖം സൃഷ്ടിച്ചിരിക്കുകയാണ്. സത്യവിരുദ്ധമാണ് വാർത്തയിൽ പലതും. ലോകത്തിലെങ്ങുമുള്ള ബ്രദറൺ വിശ്വാസികൾ ഇത് വായിച്ച് തെറ്റിദ്ധരിച്ചിട്ടുണ്ടാകും. തുടർച്ചയായി ഇത് എഴുതിക്കൊണ്ടിരിക്കുന്നതുകൊണ്ട് ഒരു വിശദീകരണം വേണമെന്ന് എനിക്കും തോന്നുന്നു.

ബിലിവേഴ്സ് മീറ്റ് എന്ന ഓമനപ്പേരിൽകുറെ വർഷങ്ങളായി ഇടുക്കിയിലെ വിശ്വാസികളെയും സുവിശേഷകന്മാരെയും അങ്ങോട്ടും ഇങ്ങോട്ടും ഓടിച്ചുകൊണ്ടിരിക്കുകയാണ് കുറെ നേതാക്കന്മാർ. വിദേശബന്ധം ഉള്ള ചില സഹോദരന്മാരാണ് ഇതിനു പിന്നിൽ. തങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നവർ നാട്ടിൽ വരുമ്പോൾ ഇടുക്കിയിൽ കൊണ്ടുവരും. 10 പേരെകാണിക്കണ്ടെ? ഈ പരിപാടികളിൽ സുവിശേഷകന്മാർ മിക്കവരും പങ്കെടുക്കും. കാരണവും ഉണ്ട്. വിശ്വാസികൾ കുറവേ വരാറുള്ളു. അന്നന്ന് പണിക്ക് പോയി ജീവിതം നടത്തുന്നവരാണ് ഇവിടെയുള്ള ഞങ്ങൾ.

ഷാർജ്ജയിൽനിന്നും വന്ന സഹോദരന്മാർ 3 ദിവസം ഇടുക്കിയിൽ ഉണ്ടായിരുന്നു. ഇടുക്കി, വണ്ടിപ്പെരിയാർ, വാഴവര എന്നീ സഭകളുടെ ആവശ്യം അറിഞ്ഞ് അവർ സഹായിച്ചു. മരുഭൂമിയിൽ ചോര നീരാക്കി ഉണ്ടാക്കിയെടുത്ത കാശാണ് അവർ കൊടുത്തത്. അല്ലെ? ബ്രദറും ഗൾഫിൽ കുറെക്കാലം ഉണ്ടായിരുന്നല്ലോ.

കരുന്തരുവി സഭാഹോളിൽ കൂടി വന്നത് ഇരുന്നൂറിലധികം വിശ്വാസികളും അൻപതോളം സുവിശേഷകന്മാരുമാണ്. ബ്രദറൺകാരായ ചില സഹോദരന്മാർ പുറത്തുനിന്ന് ഇവിടെ വന്നതാണ് രോഷമുണ്ടാകാൻ കാരണം.

പരിപാടി കുറെക്കൂടെ അനുഗ്രഹമാകട്ടെ എന്നേ സംഘാടകർ കരുതിയുള്ളു എന്നു തോന്നുന്നു. പക്ഷേ ദോഷം മാത്രം കാണുന്ന ചിലർക്ക് അത് പ്രശ്നമായി.

ചില കുടിപ്പകയും പിന്നിലൂണ്ടെന്ന് ഞങ്ങൾക്കറിയാം. നേതാക്കന്മാരുടെ ഇടയിലെ യുദ്ധങ്ങൾ അവരുടെ ഏജന്റന്മാരാണ് ഈ ചിന്താകുഴപ്പം ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്നത്. ഞങ്ങൾ എന്തു ചെയ്യണം?

കരുന്തരുവിയിൽ വന്ന എല്ലാ സുവിശേഷകന്മാർക്കും ഷാർജ്ജാ സഹോദരന്മാർ നല്ലൊരു കൂട്ടായ്മ കൊടുത്തു എന്നാണറിഞ്ഞത്.

ഇതിലെല്ലാം വിചിത്രമായത് കേട്ടുകൊൾക. ഈ സമ്മേളനത്തെ വളരെ അധികം വിമർശിച്ച ഒരു പത്രാധിപർ കട്ടപ്പന സഭാഹാളിൽ സെപ്റ്റംബർ 13 ചൊവ്വ രാവിലെ 10 മുതൽ 1.30 വരെ അമേരിക്കയിൽനിന്നും വന്ന ബ്രദറൺകാരല്ലാത്ത റ്റിം ഗ്രേ, മൈക്ക് എന്നീ രണ്ടു സായ്പ്പുമാരെ നിരത്തി ബിലീവേഴ്സ് മിറ്റ് നടത്തി. 50 ഓളം പേർ പങ്കെടുത്തു. 15 സുവിശേഷകന്മാർ ഉണ്ടായിരുന്നു ബൈബിൾ എങ്ങനെ പഠിക്കണം എന്ന് ബ്രദറൺ സുവിശേഷകന്മാർക്ക് സായ്പ് ക്ലാസ്സും എടുത്തു. മുടിയനായ പുത്രനെ കുറിച്ചായിരുന്നു അടുത്ത സായ്പ്.

സഭകൾക്കെല്ലാം കത്ത് അയച്ചെങ്കിലും ഈ മേഖലയിലെ അനേക സുവിശേഷകന്മാർ മീറ്റിൽ പങ്കെടുത്തില്ല. കട്ടപ്പന പ്രദേശത്തെ ചില സുവിശേഷകന്മാർ ഈ മീറ്റിങ്ങിന് നേതൃത്വം നല്കുകയും 500 രൂപാ വീതം ഉപദേശിമാർക്ക് കൊടുത്ത് പറഞ്ഞയയ്ക്കുകയും ചെയ്തു. കൂടാതെ ഈ മീറ്റിങ്ങിന് ചുമതല വഹിച്ച ഒരു ബഹുമാന്യ പത്രാധിപരുടെ സമാപന പ്രസംഗവും ഉണ്ടായിരുന്നു.

ബ്രദറൺ സഭകളെയും സുവിശേഷകന്മാരെയും സായ്പ്പിന്റെ മുമ്പിൽ ഇരുത്തി ഇതെല്ലാം തന്റേതാണെന്നു വരുത്തി തീർത്ത സുവിശേഷത്തിന്റെ മൊത്ത വ്യാപാരി ആണോ മിടുക്കൻ അതോ.. നിങ്ങൾ പറയു.

അസൂയ മൂത്ത നേതാക്കന്മാരുടെയും ഉപദേശിമാരുടെയും കൂടായി നമ്മുടെ സമൂഹം മാറിയിരിക്കാണ് ബ്രദറേ. ഇത് മാസികയിൽ നിങ്ങൾ ഇടുമോ? ഇടുക്കിയിലെ ഞെട്ടിക്കുന്ന വാർത്തകൾ പിന്നീട് അറിയിക്കാം. റിയൽ എസ്റ്റേറ്റും കാലു വാരലും ഗ്രൂപ്പുകളും ചാക്കിടീലും പിന്നെ പരസ്യമായ രഹസ്യങ്ങളും എല്ലാം. ഞങ്ങളെ ഉപയോഗിച്ച് കാശുണ്ടാക്കുന്ന ഒത്തിരിപ്പേരെയാണ് ഞങ്ങൾ ഇവിടെ കണ്ടത്. മനസ് വളരെ മടുത്തിരിക്കുന്നു. ഇടുക്കിക്ക് വേണ്ടി പ്രാർത്ഥിക്കണം.

***ഒരു സഹോദരൻ***

# തിരുവല്ലയിൽ ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്

**തിരുവല്ല:** തിരുവല്ലയിലും പരിസരങ്ങളിലുമുള്ള പ്രാദേശിക ബ്രദറൺ സഭകളുടെ ചുമതലയിൽ മൂന്നാമത് ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് തിരുവല്ല സ്റ്റേഡിയത്തിൽ വച്ച് 2012 ഫെബ്രുവരി 24,25,26 തീയതികളിൽ നടക്കുന്നതാണ്. കത്തൃദാസൻമാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ആൽബർട്ട് സുനിൽ, പി.ജി. ജയിംസ് എന്നിവർ വചനം ശുശ്രൂഷിക്കും. മാത്യു ജോൺ, ജെ.പി രാജൻ, ജോസ്‌ലി, ജോൺലി, ജെയ്സൺ, സുനിൽ സോളമൻ, പ്രവീൺ, ജോൺസൺ തുടങ്ങിയ പ്രമുഖ ഗായകർ ഗാനങ്ങളാലപിക്കും. 25 ന് കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക സമ്മേളനം നടക്കും. ജനറൽ കൺവീനർ എം.വി സാമുവേലിന്റെ നേതൃത്വത്തിൽ 50 പേരടങ്ങുന്ന കമ്മറ്റി പ്രവർത്തിച്ചു വരുന്നു. മ്യൂസിക് ഫെസ്റ്റിന്റെ അനുഗ്രഹത്തിനായി നവംബർ 6 ന് മല്ലപ്പള്ളി പവ്വത്തുകുന്നിൽ പി.റ്റി തോമസിന്റെ ഭവനത്തിൽ പ്രാർത്ഥനാ മീറ്റിംഗ് ഉണ്ടായിരിക്കും. ദൈവജനം പ്രാർത്ഥിച്ചാലും.

EDITORIAL BOARD
P. E. Samkutty
**(Chief Editor)**
C. T. Johnykutty
(**Editor**, Malayalam Division)
Dr. Johnson C. Philip
(**Editor**, English Division)
Lijo Angamaly
V. M. John
Binu Samuel
(Publisher)
Varkey George
**(Treasurer)**

ADVISORY BOARD
M. M. Zachariah
Prof. P. P. Skariah
Chandapilla Philip
M. A. Joy
M. M. Andrews
K. A. Phillip
K. P. George
Thomas Chandy
Prof. Jacob Thomas
V. K. Mathew
P. P. Mathew
M. P. Godly
Silas C. Nair
V. Kuriakose
P. P. George
A. O. Thomas
C. P. Aniyan

**REPRESENTATIVES**
James Cherian, Abudhabi
K. Philipkutty, Deira
Mathew Vairamon USA
Samuel Thomas, Abu Dhabi
M.V. Sunny, Dubai
Tiji Thomas, Sharjah

*വാർത്തകളും, കത്തുകളും അയക്കേണ്ട വിലാസം.*
**ബിനു സാമുവേൽ**
**കാലായിൽ**
**ചാന്തുകാവ്**
**കടമ്മനിട്ട പി.ഒ.**
**പത്തനംതിട്ട 689 649**
**binsambbi@hotmail.com**
**Ph: 9544374527**

**ഭൗമിക ജോലിയിലെ ഉയർച്ചയിലും സ്ഥാനമാനങ്ങളിലും മതിമറന്ന് ആഹ്ലാദിക്കുവാൻ നെഹമ്യാവിന് സാധിച്ചില്ല. സ്വന്തം ജീവിതത്തിന്റെ സുരക്ഷിതത്വത്തിനു പുറത്ത് തന്നെ അസ്വസ്ഥതപ്പെടുത്തുന്ന ചില ഗൂഢസത്യങ്ങൾ അവശേഷിച്ചിരുന്നു. അത് മണ്ണിന്റെ അതിർത്തികളിൽ കെട്ടടങ്ങുന്ന ക്ഷണികമായ ആയുസ്സുള്ളവ ആയിരുന്നില്ല. നിത്യതയിലും വിലയിരുത്തപ്പെടുന്ന, ആദരിക്കപ്പെടുന്ന, ദൈവോന്മുഖമായിരുന്നു. യെരുശലേമിന്റെ തകർച്ച നെഹമ്യാവിന്റെ ഇടനെഞ്ചിലെ അഗ്നിഗോളമായി. കണ്ണീരും പ്രാർത്ഥനയും രാപ്പകലിന്റെ കഠിനാദ്ധ്വാനവും സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്ക് അവനെ ആനയിച്ചു. ദൈവതേജസിനാൽ പ്രകാശിതമായ മുഖാവരണവുമായി ലോകം നെഹമ്യാവിനെ കണ്ടെത്തി.**



# പ്രകാശിതമായ വാടിയമുഖങ്ങൾ

വി.കെ. മാത്യൂ

"നിന്റെ മുഖം വാടിയിരിക്കുന്നത് എന്ത്?" (നെഹ:2:2)

അർത്ഥശഷ്ടാരാജാവ് തന്റെ പാനപാത്രവാഹകനായിരുന്ന നെഹമ്യാവിനോട് ചോദിച്ച ചോദ്യമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. നെഹമ്യാവ് പ്രവാസി എങ്കിലും ഉന്നതപദവിയിലാണ്. പാനപാത്രവാഹകനെന്ന നിലയിൽ ഏറെ വിശ്വസ്തത ആവശ്യമുള്ള ജോലിയാണ് അവന്റേത്. രാജാവിന്റെ ജീവനും ശ്വാസവും അവന്റെ കൈകളിലാണ്. അവന്റെ ഗൃഹവിചാരണയിലെ അല്പം പിഴവ് രാജാവിന്റെ ജീവനെ അപകടപ്പെടുത്തും. "ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ" (1 കൊരി 4:2). വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കവേ ഇതാ! വിശ്വസ്തനായ നെഹമ്യാവ്.

ദൈവം സകലജാതികളിൽ നിന്നും തെരഞ്ഞെടുത്ത ജാതിയാണ് യിസ്രയേൽ. അടിമത്തത്തിലും പ്രവാസത്തിലും അകപ്പെടുമ്പോഴും അവരിൽ ചുരുക്കംപേരെ ലോകത്തിന്റെ ഉന്നതപദവികളിൽ ദൈവം എത്തിക്കുന്നു. യിസ്രയേൽ മിസ്രയീമിൽ അടിമത്തത്തിൽ ഞെരിഞ്ഞമരുമ്പോൾ അവരിൽ ഒരുവനായ മോശ ഫറവോന്റെ കൊട്ടാരത്തിൽ രാജകുമാരനായി വളരുന്നു. യഹൂദർ ബാബേലിൽ പ്രവാസികളായിരിക്കവേ ദാനിയേൽ നൂറ്റി ഇരുപത് ദേശാധിപതിമാരുടെ മേൽ നിയമിതരായ മൂന്ന് അധ്യക്ഷന്മാരിൽ ഒരുവൻ. യഹൂദകന്യകയായ എസ്ഥേർ ശൂശനിൽ അഹശ്വരേശിന്റെ പട്ടമഹിഷി. ഇവയെല്ലാം ദൈവത്തിന്റെ അത്ഭുത ഇടപെടലുകളാണ്. ഹാ! ദൈവത്തിന്റെ ധനം, ജ്ഞാനം അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു (റോമ. 11:33).

"നിന്റെ മുഖം വാടിയിരിക്കുന്നത് എന്ത്?നിനക്ക് ദീനം ഒന്നും ഇല്ലല്ലോ. ഇത് മനോദു:ഖമല്ലാതെ മറ്റൊന്നുമല്ല" (നെഹ. 2:2). മഹാരാജാവ് പരിചയസമ്പന്നനും മികവുറ്റ ഒരു മന:ശാസ്ത്രജ്ഞന്റെ പാടവത്തോടുകൂടി മുഖവാട്ടത്തിന്റെ കാരണം നെഹമ്യാവിന്റെ മുമ്പിൽ നിരത്തി. രാജാവിന്റെ നിഗമനത്തിന് തെല്ലും പിഴവ് ഉണ്ടായിരുന്നില്ല. ദീനമൊന്നുമല്ലെന്ന് നെഹമ്യാവിനോട് അടുത്ത് ഇടപഴകുന്ന രാജാവിനറിയാം. ഇനിയും മനോദു:ഖത്തിന്റെ കാരണം കണ്ടെത്തുകയേ വേണ്ടു.

നെഹമ്യാവ് രാജകൊട്ടാരത്തിൽ മനശാന്തിയോടുകൂടി തുടരവേ, അവന്റെ സഹോദരനായ ഹനാനിയും മറ്റു ചില യഹൂദ പുരുഷന്മാരും അവനെ സന്ദർശിച്ചു. കുശലപ്രശ്നങ്ങളിൽ പ്രവാസത്തിൽ നിന്നും തെറ്റിയൊഴിഞ്ഞ് യരുശലേമിൽ കഴിഞ്ഞുകൂടുന്ന യഹൂദന്മാരുടെ വിവരങ്ങളും പിതാക്കന്മാരുടെ കല്ലറകളും യരുശലേമിന്റെ അവസ്ഥയും അവൻ ആരാഞ്ഞു. യരുശലേം യഹൂദന്റെ സന്തോഷവും പ്രമോദ വിഷയവുമാണ്. പ്രവാസത്തിൽ നിന്നും തെറ്റിഒഴിഞ്ഞവർ മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു. യരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീയാൽ വെന്തും കിടക്കുന്നു എന്നായിരുന്നു മറുപടി. അവന്റെ ഹൃദയം അലകടൽ പോലെ ഉരുകി. മനശാന്തി നഷ്ടപ്പെട്ടു, അസ്വസ്ഥചിത്തനായി, മുഖം വാടി, കണ്ണുകലങ്ങി, സഹതാപപൂർണ്ണമായ വിവരം നെഹമ്യവിനെ ആകെ തളർത്തി എങ്കിലും കേട്ടപാതി കേൾക്കാത്തപാതി ഒന്നിനും ചാടി പുറപ്പെട്ടില്ല. തന്റെ വ്യക്തിപരമായ നിലഭദ്രമായതുകൊണ്ട് അലംഭാവം കാട്ടിയില്ലെങ്കിലും അവൻ നിസ്സഹായനും അസ്വതന്ത്രനുമാണ്. ശുശനിൽ പ്രവാസിയും രാജാവിന്റെ ഉദ്യോഗസ്ഥനുമാണ് നെഹമ്യാവ്. രാജാവിനെ ബഹുമാനിക്കുകയും ശ്രേഷ്ഠഅധികാരികൾക്ക് കിഴടങ്ങുന്നവനുമാണ്. അവനു കരണീയമായിട്ടുള്ള കാര്യം ദൈവത്തിന്റെ കണ്ണുകളിലേക്ക് സഹായത്തിനായി നോക്കുകയും മനസ്സിലുള്ള ദൈവത്തിന്റെ ദയയുള്ള കൈകളിലേക്ക് വീഴുകയുമായിരുന്നു. നാം ഇങ്ങനെ വായിക്കുന്നു വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു കുറെനാൾ ദു:ഖിച്ചും ഉപവസിച്ചും കൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തോട് പ്രാർത്ഥിച്ചു പറഞ്ഞതെന്നാൽ (നെഹ.1:4). നെഹമ്യാവ് തന്നെത്താൻ താഴ്ത്തി, ഇസ്രായേലിന്റെ പാപം താനായി ഏറ്റെടുത്തു. ഞാനും എന്റെ പിതൃഭവനവും പാപം ചെയ്തിരിക്കുന്നു (നെഹ.1:6). ഈ കണ്ടെത്തലും വിലയിരുത്തലും ഏറ്റുപറച്ചിലും മാനസാന്തരവുമാണ് ഈ കാലത്ത് നമുക്കും വേണ്ടത്.

തന്റെ ജനത്തെക്കുറിച്ചുള്ള അറിവും അവന്റെ പ്രമോദവും ആനന്ദവുമായ പിതാക്കന്മാരുടെ കല്ലറകളുള്ള ജറുശലേമിനെക്കുറിച്ചുള്ള എരിവും അവന്റെ ജീവിതമാകെ മാറ്റിമറിച്ചു. അവന്റെ മുഖം വാടാൻ കാരണമായി. അർത്ഥഹശഷ്ടാവിന്റെ മുൻപിൽ പാനപാത്രവാഹകനായ നെഹമ്യാവിന്റെ ഭാവപ്പകർച്ച, മുഖവാട്ടം രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടു. രാജാവ് കാരണങ്ങൾ ആരാഞ്ഞു. രാജാവിന്റെ മുൻപിൽ ദയ ലഭിക്കുന്നതിനായി അവൻ കൃപാസനത്തെ സമീപിച്ച് കഴിയുകയായിരുന്നു. ഈ മനുഷ്യന്റെ മുൻപിൽ എനിക്കു ദയ ലഭിക്കുമാറാകേണമേ(നെഹ:1:12). ദൈവം അവന്റെ പ്രാർത്ഥന കേട്ടു. ദൈവത്തിന്റെ ദയയുള്ള കൈ അനുകൂലമായിരുന്നതുകൊണ്ട് അവൻ ചോദിച്ചതിലും നിനച്ചതിലും ഉപരിയായി യരുശലേമിലേക്ക് പോകാൻ സാധിച്ചു. അവൻ നേരിൽ പോയി യരുശലേമിന്റെ സ്ഥിതിഗതിയും തന്റെ ജനത്തിന്റെ അവസ്ഥയും ഗ്രഹിച്ചു.

സാഹചര്യങ്ങൾ അനുകൂലവും പാതകൾ നിരപ്പുള്ളതുമെന്ന് തോന്നുമെങ്കിലും പ്രതിബന്ധങ്ങൾ നെഹമ്യാവിനെ കാത്തിരിക്കുന്നുണ്ടായിരുന്നു. യരുശലേമിന്റെ മതിലുകൾ പണിയുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും യഹുദന്മാരിൽ ഒരുവൻ എത്തിയിരിക്കുന്നതറിഞ്ഞ് സൻബല്ലത്തും തോബിയാവും എതിരാളികളായി രംഗപ്രവേശം ചെയ്തു. നെഹമ്യാവ് പിൻതിരിഞ്ഞില്ല. അവൻ തന്റെ സഹോദരന്മാരുടെ മനസ് തൊട്ടുണർത്തി ആഹ്വാനം നൽകി. വരുവിൻ നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യരുശലേമിന്റെ മതിൽ പണിയുക, നാം എഴുന്നേറ്റുപണിയുക, അവർ ആ നല്ല പ്രവൃത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി (നെഹ. 2:18). ഒരു കൈയ്യിൽ യുദ്ധായുധവും പിടിച്ചുകൊണ്ട് അവരുടെ ദിനരാത്രങ്ങൾ തള്ളിനീക്കി. പണിപൂർത്തീകരിച്ചു. മതിൽ പണിതു, കതകുകൾ വയ്ക്കുകയും വാതിൽ കാവൽക്കാരെയും ലേവ്യരെയും സംഗീതക്കാരെയും നിയമിക്കുകയും ചെയ്തു (നെഹ:7:1).

നെഹമ്യാവിന്റെ വാടിയമുഖം പ്രകാശിതമായി. അവൻ സഹായം വരുന്ന പർവ്വതത്തിലേക്കു കണ്ണുയർത്തി, കരഞ്ഞു, ഉപവസിച്ചു, പാപം സ്വയം എറ്റെടുത്തു. സഹോദരന്മാരെ ആഹ്വാനം ചെയ്തു. അന്യോന്യം ധൈര്യപ്പെടുത്തി. യരുശലേം മതിൽ പണി ശുഭമായി പര്യവസാനിച്ചു.

# പുനലൂർ ചാക്കോച്ചൻ

## പനങ്കുറ്റിത്തമ്പേറുമായി വയലിലിറങ്ങിയ പ്രേഷിതൻ

നാല്പതുവർഷക്കാലത്തോളം കർത്താവിന്റെ വയൽപ്രദേശത്ത് അത്യദ്ധ്വാനം ചെയ്ത് ഒടുവിലത്തെ നിമിഷം വരെയും സുവിശേഷത്തിന്റെ വാക്കുകൾ തന്നെ ഉച്ചരിച്ചുകൊണ്ട് 1958 ഡിസംബർമാസം 30-നു ചൊവ്വാഴ്ച 3.20നു താൻ പ്രിയം വെച്ചിരുന്ന തന്റെ നാഥന്റെ അടുക്കൽ വിശ്രമത്തിനായി കടന്നുപോയ കർത്തൃദാസനാണ് പുനലൂർ ചാക്കോച്ചൻ. കേരളക്കരയിലെ ക്രൈസ്തവരിൽ, വിശേഷാൽ വേർപെട്ട സംഘങ്ങളിൽ തന്നെ അറിയാത്തവർ അധികമുണ്ടായിരിക്കയില്ല. ഈ ശ്രേഷ്ഠ ദൈവദാസന്റെ ജീവിതാദ്ധ്യായത്തിലേക്കു അല്പമായിട്ടെങ്കിലും ഒന്നു തിരിഞ്ഞുനോക്കുന്നത് പ്രയോജനകരമായിരിക്കുമെന്നു കരുതുന്നു.

1887-ൽ കല്ലിശ്ശേരിയിലെപ്രശസ്തമായ പാറയിൽ കുടുംബത്തിലാണ് താൻ ജനിച്ചത് എന്നാൽ യൗവനാരംഭത്തോടുകൂടി ജേഷ്ഠസഹോദരൻമുഖാന്തിരം കർത്താവിങ്കലേക്കു വരുന്നതിനും സ്നാനജലത്തിൽ കർത്താവിനെ സാക്ഷിക്കുന്നതിനും തുടർന്നുണ്ടായ ദൈവവിളിയുടെ അടിസ്ഥാനത്തിൽ പൂർണ്ണ സമയവും വേലയ്ക്കായി വേർതിരിയുന്നതിനുമിടയായി. പ്രാർത്ഥനയിൽ പുനലൂരേക്കുതന്നെ കടന്നുപോകണമെന്നുതനിക്കും സഹോദരൻമാർക്കും വിശേഷാൽ പ്രേരണയുണ്ടായി. ഭൗതികമായ ചുറ്റുപാടുകളെ മറന്നു കൂട്ടുസഹോദരൻമാരായിരുന്ന ഓമല്ലൂർ മണ്ണിലേത്തു വറുഗീസുപദേശിയുമൊരുമിച്ചു അവിടേക്കു കടന്നുപോകുകയാണുണ്ടായത്. മിക്കവാറും വനപ്രദേശമായിരുന്ന പുനലൂരിന്റെ അന്നത്തെ സ്ഥിതിയിൽ സുവിശേഷമറിയിക്കുക എന്നുള്ളത് ഒരു ചെറിയ കാര്യമല്ലായിരുന്നു. ദൈവവിശ്വാസം അശേഷമില്ലാത്ത മനുഷ്യരുടെയിടയിൽ നിന്ദയും ഭീഷണിയും വകവെയ്ക്കാതെ, സുഖദുഃഖങ്ങൾ ഗണ്യമാക്കാതെ ജീവന്റെ വചനം ഘോഷിപ്പാൻ ഈ ദൈവദാസന്മാർക്കു സാധിച്ചു എന്നുള്ളതു എത്രയോ പ്രശംസർഹമായ കാര്യമായിരിക്കുന്നു.

താമസത്തിനായി ഒരു ഭവനം കിട്ടുന്നതിനും ആ വീട്ടിലെ ഗൃഹനായിക പുനലൂരെ ആദ്യഫലമായി കർത്താവിങ്കലേക്കു വരുന്നതിനും പിന്നീടു ഭവനത്തിലുള്ള എല്ലാവരും രക്ഷാനിർണ്ണയമുള്ളവരായിത്തീരുന്നതിനും ഇടയായതു അവിടത്തെ പ്രവർത്തനത്തിന് എറ്റം സഹായകരമായിരുന്നു. വേലകൾ പ്രയോജനപ്പെടുന്തോറും പ്രതികൂലങ്ങളും വർദ്ധിച്ചുവന്നു. കണ്ണാടിക്കാരൻ ഉപദേശി മൂന്നു ദിവസങ്ങൾക്കുള്ളിൽ പുനലൂർ വിട്ടില്ലെങ്കിൽ നാക്ക് അറുത്തു പട്ടിക്കുകൊടുക്കുമെന്നും മറ്റുമുള്ള ഭീഷണിക്കത്തുകൾ കിട്ടുവാൻ തുടങ്ങി. 'ഈ പുതിയ ഉപദേശക്കാരനെ' ജീവനോടെ വെച്ചേക്കുന്നതു ശരിയല്ലാ എന്നുള്ള തീരുമാനത്തോടുകൂടി അനേകർ പലശ്രമങ്ങളും നടത്താതിരുന്നില്ല. ആസമയത്തു എന്നെപ്പോലെയുള്ള ഒരാൾ ഓടിപ്പോകുമോ എന്നെപ്പോലെയുള്ള ഒരുത്തൻ ജീവരക്ഷയ്ക്കായി മന്ദിരത്തിലേക്കു പോകുമോ? എന്നിങ്ങനെനെഹമ്യാവു പറഞ്ഞവാക്കുകളാണു താൻ ആവർത്തിച്ചത്. തന്റെ തികഞ്ഞ നിർഭയത്വം, ആകർഷകമായ വാക്കുകൾ, അചഞ്ചലമായ നിലപാട് എന്നീ വിശേഷ ഗുണങ്ങൾ എതിരാളികളെ ലജ്ജിപ്പിക്കുന്നതിനും അനേകർ ക്രിസ്തുവിങ്കലേക്കു വരുന്നതിനും ഇടയാക്കി. ആഴ്ചയിൽ രണ്ടുദിവസം പുനലൂർ ചന്തയിലും പത്തനാപുരം, കന്നിക്കോട്, അഞ്ചൽ, വാളകം എന്നീകാളച്ചന്തകളിലും മുടങ്ങാതെ സുവിശേഷം അറിയിക്കുന്നതിനും അനേകർ രക്ഷിക്കപ്പെടുന്നതിനും ഇടയായിട്ടുണ്ട്. പനങ്കറ്റികൊണ്ടുള്ള വലിയ തമ്പേറ് തലയിൽ വെച്ചുകൊണ്ട് ഏകനായി ചന്തകളിലേക്കു പോകുന്ന കാഴ്ച കാണികളെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. തന്റെ പ്രസംഗംവളരെ ദൂരം കേൾക്കുമെന്നു പലരും പറയാറുണ്ടായിരുന്നു. സുവിശേഷത്തിനായി ധാരാളം എതിർപ്പുകൾ അദ്ദേഹം സഹിക്കേണ്ടതായിവന്നിട്ടുണ്ട്. താൻ സുവിശേഷത്തോടുള്ള ബന്ധത്തിൽ കയറിയിറങ്ങാത്ത ഭവനങ്ങൾ, കണ്ടുമുട്ടാത്ത വ്യക്തികൾ വളരെ കുറവാണ്. വലിയവനെന്നോ ചെറിയവനെന്നോ നോക്കാതെ ദൈവവചനം പ്രസ്താവിപ്പാൻ മാത്രമല്ല അവരുടെ ആവശ്യങ്ങളറിഞ്ഞു സഹായിപ്പാൻ, ശുശ്രൂഷിപ്പാൻ തക്കവണ്ണം താനൊരു പിതാവിന്റെ ഹൃദയമുള്ളവനായിരുന്നു. ഏറെതാമസിയാതെ പുനലൂരിൽ ഒരു സഭയുളവാകാൻ ദൈവം പ്രസാദിച്ചു. ഒരു കാലത്തു എകനായി വേലയ്ക്കു പോയെങ്കിൽ പിന്നത്തേതിൽ അനേക സഹോദരൻമാരുടെ മുമ്പിൽ നടക്കുവാൻ തനിക്കു ഭാഗ്യം ലഭിച്ചു. ചാക്കോച്ചൻ അനേകർക്കു ഉപദേഷ്ടാവായിരുന്നെങ്കിൽ, പലർക്കും പിതാവുമായിരുന്നു. ജഡപ്രകാരം മക്കളില്ലായിരുന്നെങ്കിലും താനും സഹധർമ്മണി ഏറിയ ജനങ്ങളുടെ മാതാപിതാക്കന്മാർ ആയിരുന്നു. അവരുടെ ഭവനം ഒരു വിരുന്നുശാല തന്നെ ആയിരുന്നു. രാപകൽ ഭേദമില്ലാതെ അതിഥികൾ വന്നു വിശ്രമിക്കുവാൻ ആ ചെമ്മന്തൂരെ രഹബോത്ത് തുറക്കപ്പെട്ടിരുന്നു. തനിക്കു കൂട്ടായി കിട്ടിയ പ്രിയ പത്നി ഈ കാര്യങ്ങളിലൊക്കെയും സകല ഉത്സാഹത്തോടുകൂടെയും ഏറിയ വർഷങ്ങൾ പ്രവർത്തിച്ചു എന്നുള്ളതും ആർക്കും മറക്കുവാൻ കഴിയുന്ന ഒന്നല്ല. ഏറിയ ശോധനകളുടെ നടുവിലും കർത്താവിനെസ്നേഹിച്ചും സേവിച്ചും ദൈവജനങ്ങളെ ശുശ്രൂഷിച്ചും നില്ക്കുവാൻ ആ മഹതിക്കു ഭാഗ്യം ലഭിച്ചു. ആ 'അമ്മയുടെ' ശുശ്രൂഷ അനുഭവിക്കാത്ത ദൈവജനങ്ങൾ മലയാളക്കരയിൽ വളരെ ചുരുക്കമെന്നുള്ളത് ഒരു വാസ്തവം മാത്രമാണ്.



ഇവിടത്തെ പ്രവർത്തനത്തിൽ അനേക വിശ്വാസികളുടെ സഹായസഹകരണങ്ങൾ ഉണ്ടായിരുന്നതോടൊപ്പം കല്ലിശ്ശേരിൽ പി. ജെ. ഉമ്മൻ സാറിന്റെ പ്രവർത്തനവും എറെ സഹായകമായിരുന്നു. ആദ്യകാലങ്ങളിൽ അവരൊരുമിച്ചു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഒടുവിലത്തെ നിമിഷത്തിലും അദ്ദേഹം അടുത്തുണ്ടായിരുന്നു. ഈ കർത്തൃദാസൻമാരുടെയെല്ലാം പ്രവർത്തനങ്ങൾക്കു കർത്താവു ധാരാളം പ്രതിഫലം നല്കട്ടെ.

*(സമ്പാദകൻ: പി.ഇ. സാംകുട്ടി)*

# സ്വർഗ്ഗത്തിലേക്ക് ഒരു ഗോപുരം

സി. റ്റി. ജോണിക്കുട്ടി

ദൈവത്തിന്റെ ഭാഷ സ്നേഹമാണ്. അതിന്റെ ഭാവമാകട്ടെ സൗമ്യവും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനെന്ന് ദൈവത്തിന്റെ മനുഷ്യാവതാരമായ യേശുനാഥൻ വെളിപ്പെടുത്തുകയുണ്ടായി.

ചരിത്രത്തിൽ ആദ്യം സംസാരിച്ചു തുടങ്ങിയത് ദൈവമാണ്. ഇല്ലായ്മയിൽ നിന്ന് ഉണ്ടാകട്ടെ എന്ന വാക്ക് അവിടുന്ന് ഉച്ചരിച്ചു. എല്ലാം ഉണ്ടായി. ആകാശവും ഭൂമിയും അതിലുള്ള സകലവും. മനുഷ്യന് ആവശ്യമുള്ളതും ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ളതും അവിടുന്ന് കല്പിച്ചിട്ട് ഉളവായി. ലോകത്തിന്റെ ഒടുവിലത്തെ വാക്കും ദൈവത്തിന്റേത് മാത്രമായിരിക്കും.

പാപത്തിന്റെ ദോഷഫലങ്ങളിൽ മുളച്ചതാണ് മുള്ളുകൾ. ആ മുള്ളുകൾക്ക് പിന്നാലെ സഹോദരഹത്യയുമായി കയീൻ രംഗത്തെത്തുന്നു. പിന്നെ സ്വാർത്ഥതയുടെ വേലിയേറ്റങ്ങൾ. നന്മയുടെ എത്രയോ വൻകരകളെ ഈ സുനാമികൾ തച്ചുടച്ച് തരിപ്പണമാക്കിയിട്ടുണ്ട്. അവന്റെ പ്രവർത്തികൾ ലോകത്തെ കീഴ്പ്പെടുത്തിയിരിക്കുന്നു. ജഢമോഹവും കൺമോഹവും ജീവനത്തിന്റെ പ്രതാപവും നിഗൂഢലക്ഷ്യമാക്കിയിട്ടുള്ളവർ ഗോല്യാത്തിനെപ്പോലെ വെല്ലുവിളി ഉയർത്തുന്നു.

**ഹൃദയഭാഷ ഒന്നായിരുന്നെങ്കിൽ! രണ്ടു പേർ ഐക്യമത്യപ്പെട്ട് ദൈവത്തോട് ഒരു ഭാഷ സംസാരിച്ചിരുന്നെങ്കിൽ! രണ്ടു പേർ വയലിൽ ഒരു ഭാഷയും ആശയവും പങ്കുവച്ചിരുന്നെങ്കിൽ! ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ഏർപ്പെട്ടിരിക്കുന്ന വേലക്കാർ ഒരേ വാക്ക് ഉപയോഗിച്ചിരുന്നെങ്കിൽ. മാധ്യമരാജാക്കന്മാർ പ്രജാസ്നേഹത്തിൽ സത്യം സംസാരിച്ചിരുന്നെങ്കിൽ!**

രാത്രിയുടെ നിശബ്ദത, ഹർത്താൽ ദിനത്തിന്റെ ശാന്തത ആരെയാണ് ചിന്തിപ്പിക്കാതിരിക്കുക? ദൈവം ഒരു രാവ് അനുവദിച്ചതുപോലും അദ്ധ്വാനങ്ങൾക്ക് ഒരു ഇടവേള സമ്മാനിക്കുവാനല്ലെ? ശാന്തതയുടെ രുചി നുകരുവാനല്ലെ? ആ രാവും ഭീകരാക്രമണങ്ങളും നിണമൊഴുക്കലുകളുമായി വഴി തിരിഞ്ഞാലോ?

ചിലർ രാവും പകലും സംസാരിച്ചുകൊണ്ടിരിക്കുന്നു. അസംതൃപ്തിയും അസ്വസ്തതകളും ചിന്തകളെ ഇളക്കിമറിക്കുന്നു. അതു നാവിനെ കിഴക്കു പടിഞ്ഞാറും തെക്കു വടക്കും ചലിപ്പിക്കുന്നു. ഭവനത്തിലും സഭയിലും സമൂഹത്തിലും കേൾവിക്കാരുടെ എണ്ണം കുറയുമ്പോൾ തെരുവിലേക്ക് ചുവടുകൾ നീട്ടി ചവിട്ടുന്നു. എന്റെ ദാസൻ വീഥിയിൽ ശബ്ദം കേൾപ്പിക്കയില്ല എന്ന തിരുവചനം ദൈവത്തിന്റെ ദാസന്മാരുടെ അനുഗ്രഹവും അവകാശവുമായി നിലനിൽക്കും.

പീലാത്തോസ് എന്ന ന്യായാധിപന്റെ മുന്നിൽ നില്ക്കുന്ന യേശു. കള്ള സാക്ഷികളുടെ നീണ്ട നിര മറുവശത്ത്. നിരവധി കോടതികളുടെ മുന്നിലൂടെ ആ രാവിൽ യേശു കടന്നുപോകുന്നു. ആരവാരം അധികമാകുന്നു. ആക്രോശങ്ങളും ഭീഷണികളും ഉയരുന്നുണ്ട്. തന്റെ ന്യായം പറയുവാനുള്ള ഒടുവിലത്തെ അവസരവും യേശു ഉപയോഗിക്കുന്നില്ല. നീണ്ട മൗനം. പീലാത്തോസിനെ അമ്പരിപ്പിക്കുന്ന ഒന്നായി അത് മാറുന്നു. നീ ഒരു വാക്കും എന്നോടു പറയുന്നില്ലല്ലോ. പരാതിയായി പീലാത്തോസ്.

ക്രൂശ് ഒഴിഞ്ഞുപോകുവാനും മരണത്തെ നീട്ടിവയ്ക്കുവാനും യേശുവിന് കഴിയുമായിരുന്നു. അവിടുന്ന് ന്യായം പറഞ്ഞിരുന്നുവെങ്കിൽ. ഉള്ള സത്യം പറഞ്ഞു രക്ഷപെടേണ്ടതായിരുന്നു എന്ന് യെറുശലേമിലെ നിഷ്കളങ്കരിൽ ചിലർ യേശുവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടാവും. വിധി എഴുതേണ്ട പീലാത്തോസിന്റെ ഭാര്യ ക്ലൗഡയും യേശുവിനെക്കുറിച്ച് കൊടുത്തയച്ച ശുപാർശയുടെ കുറിമാനത്തിൽ ആ നീതിമാന്റെ കാര്യം എന്ന് സന്ദേശമാണ് ഉൾപ്പെടുത്തിയിരുന്നത്. ഭവനത്തിലെത്തിയ പിലാത്തോസിന്റെ മുന്നിൽ കരഞ്ഞുകലങ്ങിയ കണ്ണുകളുമായി നില്ക്കുന്ന ക്ലൗഡ. അയാൾ ഒരു വാക്കെങ്കിലും പറയാതെ ഞാൻ എന്തു ചെയ്യാനാ? യേശവോ മൗനമായിരുന്നു. പിലാത്തോസ് ഭാര്യയുടെ മുന്നിൽ പരിതപിച്ചുകാണും.

യിസ്രായേല്യകവി ദാവീദ് തന്റെ രചനയിൽ ഇങ്ങനെ പറയുന്നു.



ഞാൻ ദൈവത്തെ നോക്കി മൗനമായിരിക്കുന്നു. അറുപത്തിരണ്ടാം കീർത്തനമായി വിശുദ്ധ വചനത്തിൽ അത് ഇടവും നേടിയിട്ടുണ്ട്. ഒരു മനുഷ്യനെ കൊല്ലേണ്ടതിന് ആക്രമിക്കുന്ന ഒരു കൂട്ടം ആളുകൾ. അവനിലേക്ക് ചാഞ്ഞു നില്ക്കുന്ന മതിൽ. ഒരു ആടുന്ന വേലി. ഏതു നിമിഷവും വീഴാം. അതിനുള്ളിൽ ഒരു മനുഷ്യനെ ഇല്ലാതാക്കുക. ലക്ഷ്യം അതുമാത്രമാണ്.

അസ്വസ്തമായ മനസ്സിന്റെ നൃത്തവേദിയായി ജീവിതം മാറിയപ്പോൾ തന്നോടുള്ള ഒരു പ്രബോധനം കവി രചിക്കുന്നു. എന്റെ ഉള്ളമേ ദൈവത്തെ നോക്കി മൗനമായിരിക്ക. നീ അടങ്ങുക. ശാന്തമാവുക. കാരണം എന്റെ രക്ഷ ദൈവത്തിൽ നിന്നു വരുന്നു. അവിടുന്ന് എന്റെ പാറയും ഗോപുരവും ആണ്. ബോവസിന്റെ കളത്തിൽനിന്നും പുലരിയിൽ എത്തിയ രൂത്തിനോട് അമ്മാവിയമ്മയായ നവമി പറഞ്ഞത് "നി അനങ്ങാതിരിക്ക; ഈ കാര്യം തീർക്കുംവരെ അയാൾ സ്വസ്തമായിരിക്കയില്ല എന്നാണ്. വീണ്ടെടുപ്പുകാരനെക്കുറിച്ചുള്ള ആഴമായ ബോധ്യമാണിത്. അതിനു തെറ്റുവന്നില്ല.

ഗലീലാക്കടലിന്റെ അക്കരയ്ക്കുള്ള യാത്രയിൽ പടകിൽ തിരതള്ളിക്കയറുന്നു. പടക് മുങ്ങിപ്പോകുമെന്ന ഗുരുതര സ്ഥിതിയിൽ അവർ എത്തിയിരിക്കുന്നു. ശിഷ്യന്മാർ പഠിച്ചവയെല്ലാം പുറത്തെടുത്തു. ഈ സമയമത്രയും തികഞ്ഞ ശാന്തതയിൽ അമരത്ത് ഉറങ്ങുന്ന യേശു. കൊടുങ്കാറ്റിനു നടുവിലുള്ള ഈ സമാധാനമാണ് യേശു. അവിടുന്ന് നല്കുന്നതും ഈ സമാധാനമാണ്.

കൊടുംകാറ്റിനോടും ഇളകിമറിയുന്ന കടലിനോടും ശാന്തമാക, അടങ്ങുക എന്ന് യേശു പറഞ്ഞു. യേശുവിന്റെ ഉള്ളിലെ സമാധാനം കാറ്റിനും കടലിനും സമ്മാനിക്കുകയാണ് ഇവിടെ. ഉള്ളിൽ സമാധാനം ഉള്ളവനേ സമാധാനം ഉണ്ടാക്കുവാൻ കഴിയു. നാം നൽകുന്നവയെല്ലാം നമ്മുടെ സംഭാവനകളാണ്. അത് ഉള്ളിന്റെ ഉല്പന്നമാണ്. എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു. എന്റെ കൃതി രാജാവിനുവേണ്ടിയുള്ളത്. ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ് പ്രസ്താവിക്കുന്നത് എന്നും നാം വായിക്കുന്നുണ്ടല്ലോ.

ബാബേൽ ഗോപുര നിർമ്മിതിയിൽനിന്നും ജനത്തെ പിൻതിരിപ്പിച്ചത് ഭാഷ കലങ്ങിപ്പോയതുകൊണ്ടാണ്. ചെറിയ ഒരു കൂട്ടം ആളുകൾ ലക്ഷ്യമിട്ട കാര്യം ഭാഷയുടെ ഐക്യതയിൽ നേടുമെന്ന് ദൈവം കണ്ടെത്തുന്നു. ഭാഷയുടെ ഐക്യം വിജയത്തിന്റെ താക്കോലാകുന്നു.

ഭൂതലത്തിൽ എങ്ങും ചിതറിപ്പോയ ജനം ഭാഷയുടെ ഐക്യതയിൽ ഓരോയിടത്തും കുടിപാർത്തു. ഇന്നിതാ കേരളക്കരയിൽ മലയാളഭാഷയും കൈയ്യിൽ പിടിച്ച് മലയാളികൾ. പരിശുദ്ധാത്മാവ് ഭാഷ നല്കിയെന്ന് അവകാശപ്പെടുന്നവർക്കും ഇന്ന് ഈ ഐക്യതയില്ല. ഉണ്ടായിരുന്നവെങ്കിൽ ആയിരക്കണക്കിന് വിഭാഗങ്ങൾ ഇവിടെ മുളയ്ക്കുമായിരുന്നില്ല.

ഹൃദയഭാഷ ഒന്നായിരുന്നെങ്കിൽ! രണ്ടു പേർ ഐക്യമത്യപ്പെട്ട് ദൈവത്തോട് ഒരു ഭാഷ സംസാരിച്ചിരുന്നെങ്കിൽ! രണ്ടു പേർ വയലിൽ ഒരു ഭാഷയും ആശയവും പങ്കുവച്ചിരുന്നെങ്കിൽ! ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ഏർപ്പെട്ടിരിക്കുന്ന വേലക്കാർ ഒരേ വാക്ക് ഉപയോഗിച്ചിരുന്നെങ്കിൽ. മാധ്യമരാജാക്കന്മാർ പ്രജാസ്നേഹത്തിൽ സത്യം സംസാരിച്ചിരുന്നെങ്കിൽ!

ചില ഗോപുരങ്ങൾ ഇവിടെ ഉയരുമായിരുന്നു. കുറെ നല്ല സ്മാരകങ്ങൾ. സ്വർഗ്ഗത്തിൽ ചിലർ എത്തിയേനെ. നരകത്തെ ശൂന്യമാക്കുവാൻ കുറെയൊക്കെ കഴിഞ്ഞേനെ.

വാക്കുകളിൽ കൃപചേർത്തിരുന്നെങ്കിൽ ഉപ്പുചേർന്ന രുചിദായക വിരുന്നുകളായി അവ മാറുമായിരുന്നു. വെള്ളിത്താലത്തിലെ പൊൻനാരങ്ങയായി രൂപമാറ്റം നേടുമായിരുന്നു. അബീഗയിലിന്റെ സൗമ്യവാക്കുകളല്ലെ ദാവിദിനെ രക്തചൊരിച്ചിലിൻ നിന്നും വിടുവിച്ചത്. ഭാഷകളെല്ലാം പുതിയ നിർമ്മിതികൾക്കു വേണ്ടി ആകട്ടെ. പൊളിച്ചുകളയാനും ബന്ധം തകർക്കാനും ആകരുത്.

# വിശുദ്ധൻമാർ ലോകത്തെ വിധിക്കും

**എസ്. സഞ്ജീവി**

ക്രൈസ്തവ സഭയുടെ വളർച്ചയിൽ മുഖ്യ പങ്കു വഹിച്ച വ്യക്തിയാണ് അപ്പോസ്തലനായ പൗലോസ്. തന്റെ പ്രവർത്തനത്തിലൂടെ ഉളവായ സഭകളിൽ ഒന്നാണ് കൊരിന്തു സഭ. ആത്മീകമായ പല നേട്ടങ്ങളും കൈവരിച്ച ഒരു സഭയായിരുന്നു അത്. അനാത്മികതയുടെയും ജഡീകത്വത്തിന്റെയും പര്യായമായി കൊരിന്തു സഭ.

പൗലോസ് അവരിലെ പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. വിഭാഗീയതയിൽ ആരംഭിച്ചു ഗൗരവമായ വിഷയങ്ങളിലെത്തുന്നു. വളരെ ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ് സഹോദരന്മാർ തമ്മിലുള്ള വ്യവഹാരം. പൗലോസ് ചോദിക്കുന്നു; "...ഇങ്ങനെ സഹോദരന്മാർക്കു മദ്ധ്യേ കാര്യം തീർപ്പാൻ പ്രാപ്തിയുള്ളോരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ" (1കൊരി.6:5). ഇത് ഈ കാലഘട്ടത്തിലും പ്രസക്തമാണ്.

ദൈവമക്കൾക്ക് ശ്രേഷ്ഠമായ പദവിയും നിലയുമുണ്ട്. നാം ദൈവാത്മാവിനാൽ നടത്തപ്പെടേണ്ടവരാണ്. "ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ" എന്നാണ് പത്രോസ് (2 പത്രോ.2:4) പറയുന്നത്. ഉന്നത ആത്മീയ സ്വഭാവവും പെരുമാറ്റവും നമ്മിൽ നിന്നുണ്ടാകണം. നമ്മുടെ കർത്താവു പറഞ്ഞത് ശ്രദ്ധിക്കുക, "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്യുവാനും ഇച്ഛിക്കുന്നു"

**ലോകമതങ്ങളിൽ ഏറ്റവും അധികം വ്യവഹാരങ്ങൾ നടന്നിട്ടുള്ളത് ക്രിസ്തീയ സഭകൾ തമ്മിലോ അതിന്റെ അംഗങ്ങൾ തമ്മിലോ ആണെന്നതു ദുഃഖ ചരിത്രമാണ്.**

**സഹോദരൻമാർ തമ്മിലോ സഭകൾ തമ്മിലോ അഭിപ്രായ വ്യത്യാസങ്ങളോ പിണക്കങ്ങളോ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ദൈവമക്കളുടെ മദ്ധ്യേ ഉണ്ടാകുന്ന ഏതു പ്രശ്നവും അവരുടെ മദ്ധ്യേ തന്നെ പരിഹരിക്കപ്പെടണം.**

(യോഹ.8:44) പിശാചെന്ന പിതാവിന്റെ മക്കൾ തങ്ങളുടെ പിതാവിനെ പ്രസാദിപ്പിക്കുവാൻ മത്സരിക്കുന്നു എന്നു വേണം മനസ്സിലാക്കുവാൻ. ദൈവപിതാവിന്റെ മക്കളാണ് നാം. അതു അങ്ങനെ തന്നെയാണ്. പിശാചെന്ന പിതാവിന്റെ മക്കൾ തമ്മിലുള്ള ബന്ധമോ സഹകരണമോ വിട്ടു വീഴ്ചകളോ എന്തെങ്കിലും ദൈവമക്കളായ നമ്മിലുണ്ടോ?

ആദിമശിഷ്യരുടെ ജീവിതരീതി കണ്ട് ജനം അവരെ വിളിച്ചു 'ക്രിസ്ത്യാനികൾ' എന്ന്. ക്രിസ്തുവിനെപ്പോലെ ജീവിക്കയും ഇടപെടുകയും ചെയ്യുന്നവർ. ക്രിസ്തുവും ഇവരും തമ്മിൽ ഇഴയകറ്റാനാകാത്തൊരു സാമ്യം; അതുകൊണ്ട് അവർക്ക് ആ പേര് ലഭിച്ചു; "ക്രിസ്ത്യാനികൾ"!!



ശേഷം പേജ് 6 ൽ

# ബാലസംഘം ജനറൽ ക്യാമ്പ്




ജനറൽക്യാമ്പിന്റെ വിവിധ ദൃശ്യങ്ങൾ...

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ജനറൽക്യാമ്പ് സമംഗളം പര്യവസാനിച്ചു. ആറു വർഷത്തിനു ശേഷം നടത്തപ്പെട്ട ക്യാമ്പ് എല്ലാം കൊണ്ടും വിശേഷതയുള്ളതായിരുന്നു. ബാലസംഘത്തിന്റെ സ്വന്തം ക്യാമ്പ് സെന്ററിൽ തന്നെ ജനറൽ ക്യാമ്പ് നടന്നു എന്നത് ദൈവത്തെ സ്തുതിക്കുവാൻ മതിയായതാണ്. ക്യാമ്പിൽ കടന്നു വരുന്ന ലീഡേഴ്സിനും കുട്ടികൾക്കും താമസിക്കുവാൻ മതിയായ താമസ സൗകര്യം ഇല്ലാഞ്ഞതിനാലാണ് കഴിഞ്ഞ 6 വർഷമായി ക്യാമ്പ് നടക്കാതിരുന്നത്. എന്നാൽ ക്യാമ്പ് ട്രസ്റ്റ് ഭാരവാഹികളുടെയും മറ്റു സഹോദരൻമാരുടെയും ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി ക്യാമ്പ് സെന്റർ ഒരുവിധം താമസത്തിന് പാകമായപ്പോൾ അത് മഹാ സമ്മേളനത്തിന് വേദിയായി. ഇതിന്റെ പൂർത്തീകരണത്തിനായി അഹോരാത്രം അദ്ധ്വാനിച്ച ബ്ര. രാജു കെ തോമസ്, വർക്കി ജോർജ്ജ്, ഏബ്രഹാം തോമസ് (കൊച്ചി) തുടങ്ങിയവർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. 2011 സെപ്റ്റംബർ 6 -ാം തീയതി 4 മണിക്ക് ജനറൽ ട്രഷറാർ എം.വി.സാമുവേൽ പ്രാർത്ഥിച്ച് രജിസ്ട്രേഷൻ ആരംഭിച്ചു. ലീഡേഴ്സും കുട്ടികളുമായി ആയിരത്തിലധികം പേർ ക്യാമ്പിൽ സംബന്ധിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ജനറൽ പ്രസിഡന്റ് പ്രൊഫ. പി. പി. സ്കറിയ അദ്ധ്യക്ഷത വഹിച്ചു. ക്യാമ്പ് കൺവീനർ ബ്ര. ചാക്കോ ഫിലിപ്പ് എല്ലാവരെയും സ്വാഗതം ചെയ്തു. ബ്ര. സ്റ്റീവൻസൺ വർഗീസ് (ദുബായി) ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജേക്കബ് തോമസ് ആശംസ അറിയിച്ചു. തുടർന്നുള്ള മൂന്നു ദിവസങ്ങളിൽ വിവിധ പരിപാടികൾ നടത്തപ്പെട്ടു. കുട്ടികളുടെ പ്രായപരിധി അനുസരിച്ച് നാലു വേദികളിലാണ് ക്ലാസുകൾ ക്രമീകരിച്ചിരുന്നത്. മാതാപിതാക്കൾക്കായി ഒരു പ്രത്യേക സെഷനും ക്രമീകരിച്ചിരുന്നു. കുട്ടികളുടെ താലന്ത് പരിശോധനയും നടത്തപ്പെട്ടു. 8-ാം തീയതി മാതാപിതാക്കൾക്കായി നടത്തപ്പെട്ട പ്രത്യേക മീറ്റിംഗിൽ 700 ൽ അധികം പേർ സംബന്ധിച്ചു. ബ്ര. ചാണ്ടപ്പിള്ള ഫിലിപ്പ് , ബ്ര.ആൽബർട്ട് സുനിൽ, ബ്ര. ജോയി ജോൺ തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. സൂസമ്മ ടീച്ചറിന്റെ സാക്ഷ്യം ഹൃദയസ്പർശിയായിരുന്നു. മൂന്നു വർഷം ഓർമ്മ നഷ്ടപ്പെട്ട് ദൈവത്തോട് കൂടെ മാത്രം ജീവിച്ച് അനേകായിരങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം അത്ഭുതകരമായി സൗഖ്യം നൽകിയതിന്റെ ജീവിക്കുന്ന സാക്ഷ്യവുമായി ദൈവജനത്തിന്റെ മദ്ധ്യത്തിൽ ടീച്ചർ എത്തിയപ്പോൾ എല്ലാവരുടെയും ഹൃദയത്തിൽ നിന്ന് ദൈവത്തിന് നന്ദിയുടെ വാക്കുകൾ ഉയരുകയായിരുന്നു. അൻപതിൽ അധികം കുട്ടികൾ ഈ ക്യാമ്പിൽ വച്ച് യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു. നൂറിലധികം കുട്ടികൾ സ്നാനപ്പെടുവാനുള്ള തീരുമാനം എടുക്കുകയുണ്ടായി. കുട്ടികൾക്കും വലിയവർക്കും ഒരു പോലെ ഈ ക്യാമ്പിന്റെ ഓരോ പരിപാടികളും പ്രയോജനപ്പെട്ടു എന്നത് അവരുടെ സാക്ഷ്യം വെളിപ്പെടുത്തി. സമാപന സമ്മേളനത്തിൽ ബ്ര. കെ.വി മാത്യു അദ്ധ്യക്ഷനായിരുന്നു. ബ്ര. സുനിൽ ആൽബർട്ട് സമാപന സന്ദേശം നൽകി. ബ്ര. സി.വി. സാമുവേൽ, പി. സാസംൺ ആശംസ സന്ദേശങ്ങൾ നൽകി. താലന്ത് പരിശോധനയിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. ബ്ര. ബിനു സാമുവേൽ എല്ലാവർക്കും നന്ദി പറഞ്ഞു. ബ്ര. ചാക്കോ ഫിലിപ്പിന്റെ പ്രാർത്ഥനയോടു കൂടി ക്യാമ്പിന് സമാപനം കുറിച്ചു. ബ്ര. കെ.എം. ജോൺസൺ (കണ്ടൻ പേരൂർ) ക്യാമ്പ് ട്രഷറാറായി പ്രവർത്തിച്ചു. ഈ ക്യാമ്പിന്റെ വിജയത്തിനായി അദ്ധ്വാനിക്കുകയും, സാമ്പത്തിക സഹായം നൽകുകയും, പ്രാർത്ഥനയിൽ ഓർക്കുകയും വന്നു സഹകരിക്കുകയും ചെയ്ത എല്ലാവർക്കും യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ ക്യാമ്പ് കമ്മറ്റിയുടെ നന്ദി അറിയിക്കുന്നു.



പുതിയ കെട്ടിടത്തിന്റെ സമർപ്പണ ശുശ്രൂഷ....



ക്യാമ്പ് ഉദ്ഘാടനം സ്റ്റീവൻസൺ വർഗീസ് ദുബായ്



ക്യാമ്പിൽ രക്ഷിക്കപ്പെട്ട കുട്ടികൾ




താലന്ത് പരിശോധന...



ശ്രദ്ധയോടുകൂടി....



വചനത്തിന്റെ ആഴത്തിൽ നിന്ന്...

# വിശുദ്ധൻമാർ ലോകത്തെ വിധിക്കും

4-ാം പേജ് തുടർച്ച

കാലങ്ങൾ കഴിഞ്ഞു. സുവിശേഷത്തിനും സഭയ്ക്കും പീഡകൾ ഉണ്ടായി. ശിഷ്യന്മാർ ചിതറപ്പെട്ടു. കർത്താവിന്റെ കല്പനയനുസരിച്ചു ശിഷ്യന്മാർ ലോകത്തിൽ സുവിശേഷം പ്രചരിപ്പിച്ചു. ലോകത്തിലെ നാനാജാതികളിൽപ്പെട്ടവർ ക്രിസ്തുവിൽ വിശ്വസിച്ചു. സഭകൾ രൂപീകരിക്കപ്പെട്ടു. അവയുടെ എണ്ണം വർദ്ധിച്ചു. ഈ സുവിശേഷത്തിനും ക്രിസ്തുവിനും വേണ്ടി രക്തസാക്ഷികൾ ഉണ്ടായി.

കാലക്രമത്തിൽ വചനസത്യത്തിൽ നിന്നും വ്യതിചലനമുണ്ടായി. സമുദായങ്ങളായും മതമായും സഭ മാറ്റപ്പെട്ടു. ഉപദേശത്തിന് പ്രാധാന്യമില്ലാത്ത സംഘടനകളായി അവ മാറി. എന്നാൽ അതിന്റെ മദ്ധ്യത്തിലും സത്യത്തിനായ് നിലകൊള്ളുവാൻ ദൈവം ചിലരെ നിലനിർത്തി. സത്യത്തിനു വേണ്ടി ജീവൻ പോലും തൃണവൽഗണിക്കുവാൻ അവർ തയ്യാറായി. ലോകത്തിന്റെ മറ്റുഭാഗങ്ങളിലെന്നവണ്ണം ഇന്ത്യയിലും അങ്ങനെയുള്ള കൂടിവരവുകൾ രൂപം കൊണ്ടു. അങ്ങനെ ഉളവായ ഒരു ജനവിഭാഗമാണ് "ബ്രദറൺ" എന്ന് അറിയപ്പെടുന്ന സമൂഹം. വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചു സത്യത്തിനു വേണ്ടി നിലകൊണ്ടവരാണിവർ. ബൈബിളിനെ പൂർണ്ണമായും അനുസരിക്കാനും അതിൽനിന്നു മാത്രം പഠിപ്പിക്കുവാനും നിഷ്ഠ കാണിക്കുന്നൊരു സഭാവിഭാഗം' എന്നാണ് എപ്പിസ്കോപ്പൽ സഭാചരിത്രത്തിൽ ഈ സമൂഹത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്.

ലോകമതങ്ങളിൽ ഏറ്റവും അധികം വ്യവഹാരങ്ങൾ നടന്നിട്ടുള്ളത് ക്രിസ്തീയ സഭകൾ തമ്മിലോ അതിന്റെ അംഗങ്ങൾ തമ്മിലോ ആണെന്നതു ദുഃഖ ചരിത്രമാണ്.

ഒരു ഭക്തനെ സംബന്ധിച്ച് അവന്റെ ജീവിതം സുഖകരമായിരിക്കയില്ല. "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള എല്ലാവർക്കും ഉപദ്രവം ഉണ്ടാകും" (2തിമോ.3:12). പൗലോസ് ശേഷം അപ്പോസ്തലൻമാരോ അവയെ നേരിട്ടത് നന്മയാൽ തിന്മയെ ജയിക്കുക, ദോഷത്തിനു പകരം ദോഷം ചെയ്യാതിരിക്കുക, പ്രതികാരം ചെയ്യാതിരിക്കുക (റോമ.12:17,19; 1 പത്രോ.3:9) തുടങ്ങിയ പ്രമാണങ്ങളിലായിരുന്നു. അങ്ങനെ ചെയ്യുമ്പോൾ മറ്റുള്ളവരുടെ മുന്നിൽ കഴിവില്ലാത്തവരും ബുദ്ധിയില്ലാത്തവരുമായി ഗണിക്കപ്പെടാം. എന്നാൽ അവർ അനുഗമിക്കുന്ന കർത്താവിന്റെ മാതൃക പിൻപറ്റുന്നത് പദവിയായി അവർ കരുതി.

വിശ്വാസ സമൂഹങ്ങളിലെ സ്ഥിതി ഇന്ന് വളരെ വേദനാജനകമാണ്. സഹോദരൻമാർ തമ്മിൽ നിസ്സാര പ്രശ്നങ്ങളുടെ പേരിൽ പോരിനു വിളിക്കുന്നു. കേസ്സുകളും വഴക്കകളുമായി നിയമപാലകരുടെ അരികിലും കോടതികളിലും എത്തുന്നു. ക്രിസ്തുശിഷ്യരെന്ന ചിന്തയില്ലാതെ മറ്റുള്ളവരുടെ മുമ്പിൽ അപഹാസ്യപ്പെടുന്നു.

സഹോദരൻമാർ തമ്മിലോ സഭകൾ തമ്മിലോ അഭിപ്രായ വ്യത്യാസങ്ങളോ പിണക്കങ്ങളോ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ദൈവമക്കളുടെ മദ്ധ്യേ ഉണ്ടാകുന്ന ഏതു പ്രശ്നവും അവരുടെ മദ്ധ്യേ തന്നെ പരിഹരിക്കപ്പെടണം. അതാണ് പ്രമാണം.

ലോകത്തിൽ കുറവുകൾ ഇല്ലാതെ ജീവിച്ചത് കർത്താവു മാത്രമാണ്. എന്നിട്ടും അവിടുന്ന് അകാരണമായി പീഡിപ്പിക്കപ്പെട്ടു. നിന്ദിക്കപ്പെട്ടു. എന്നാൽ അവിടുന്ന് അവരോട് പ്രതികരിച്ചത് എവ്വിധമായിരുന്നുവെന്നത് വിസ്മരിക്കരുത്. ക്രിസ്തു നമുക്ക് ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു (1 പത്രോ. 2:2). തന്നെ ശകാരിച്ചിട്ട് പകരം ശകാരിച്ചില്ല. ഭീഷണം പറഞ്ഞില്ല. ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്. (1 പത്രോ. 2:23) ന്യായമായും അവനു പ്രതികരിക്കാമായിരുന്നു. എന്നിട്ടും അവിടുന്ന് ചെയ്തത് "പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കണമേ" (ലൂക്കോ.23:24) എന്ന പ്രാർത്ഥനയായിരുന്നു. ആദ്യത്തെ ക്രൈസ്തവ രക്തസാക്ഷിയായ സ്തെഫാനോസിന്റെ വാക്കുകൾ (പ്രവൃ.7:60) "കർത്താവേ അവർക്കു ഈ പാപം നിറുത്തരുതേ" എന്നായിരുന്നു.

വിശ്വസിപ്പാൻ മാത്രമല്ല കഷ്ടമനുഭവിപ്പാനും നമുക്കു വരം ലഭിച്ചിരിക്കുന്നു. പുറത്തു നിന്നോ അകത്തു നിന്നോ ഉപദ്രവങ്ങളോ പീഡനങ്ങളോ നമുക്കുണ്ടാകാം. കർത്താവു അതൊന്നും അറിയുന്നില്ല എന്നു നാം കരുതേണ്ടതില്ല. അവിടുത്തേക്ക് പ്രവർത്തിപ്പാൻ, ദൈവകോപത്തിനു ഇടം കൊടുപ്പിൻ എന്ന പ്രായോഗിക നിർദ്ദേശത്തെ നാം അവഗണിക്കരുത്. ഏതു പ്രശ്നത്തിനും പരിഹാരം വരുത്തുവാൻ കഴിയുന്നവനെയാണ് നാം സേവിക്കുന്നത് എന്ന് മറക്കരുത്.

# സ്കൂൾ ഇവാഞ്ചലിസം 27 വർഷം പിന്നിട്ടു

1-ാം പേജ് തുടർച്ച

കേരളത്തിലെ ഹൈസ്ക്കൂൾ, കോളേജ് വിഭാഗങ്ങളിൽ അത്ഭുതകരമായ സ്വീകരണവും സമീപനവുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏതു വിധേനയും പുതുതലമുറയെ നേർരേഖയിൽ എത്തിക്കുന്നതിൽ സ്കൂൾ അധികൃതരും സമ്പൂർണ്ണ പിന്തുണ ഈ പ്രവർത്തനങ്ങൾക്ക് നൽകുന്നുണ്ട്. വീണ്ടും വീണ്ടും ക്ഷണിച്ച് ക്ലാസ്സുകൾക്ക് അവസരം ഒരുക്കുവാൻ അധികാരികൾ മനസ്സ് കാണിക്കുന്നു. ടീമിന്റെ ചെറിയ സാമ്പത്തിക ചെലവുകൾ വഹിക്കുവാനും അവർ തയ്യാറാകുന്നു. ഈ ശുശ്രൂഷയുടെ ആവശ്യം എത്ര വലുത് എന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

വർഷത്തിലെ ഇരുന്നൂറോളം ദിവസങ്ങൾ. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പതിനായിരക്കണക്കിന് ട്രാക്റ്റുകളും ബുക്കുലെറ്റുകളും. തുടർച്ചയായി ഓടിക്കൊണ്ടിരിക്കുന്ന വാഹനം. സമർപ്പിതരായ കുറെ പ്രവർത്തകർ, കുരുക്കിൽ നിന്നും കരകയറുവാൻ കൊതിയോടെ കാത്തിരിക്കുന്ന കുഞ്ഞുങ്ങൾ, ആരെങ്കിലും രക്ഷിക്കുവാൻ വന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ.

സമൂഹത്തിന്റെ ഭാവി വിപത്തുകളെ വഴി തിരിച്ചുവിടാൻ ആഗ്രഹിക്കുന്ന അദ്ധ്യാപക സമൂഹം; സാമൂഹ്യ പ്രവർത്തകർ! ഇതിനെല്ലാമുള്ള മറുപടിയാണ് എസ്.സി.എം.ഇ.എസ്.

കെ.വി മാത്യുവിനൊപ്പം വർഗീസ് തോമസ്, സി.എം. ചാക്കോ, ഷനു സാമുവേൽ, ബിജു വർഗീസ്, ദാനിയേൽ വർഗീസ്, പി.വി വർഗീസ്, സജു റ്റി പോൾ, കെ.ജി ജോളി, ഡി സ്റ്റീഫൻ, ജയിംസ് ദേവസ്യ, സന്തോഷ് ഗിൽബർട്ട്, ഫെബിൻ ജോൺസ് എന്നിവരും ഈ ശുശ്രൂഷയിൽ പങ്കു ചേരുന്നു.

വർഷം തോറും കൃത്യമായ വരവു ചെലവു കണക്കുകൾ പ്രസിദ്ധീകരിച്ചുവരുന്നു. ഈ പ്രവർത്തനം അഭംഗുരം നിലനില്ക്കേണ്ടതുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനയും നിർലോഭമായ സഹായസഹകരണങ്ങളും ആവശ്യമാണ്. 18 പേരടങ്ങുന്ന ഒരു പ്രവർത്തക സമിതിയും ഈ ശുശ്രൂഷയുടെ പിന്നിൽ ഉണ്ട്.

ബന്ധപ്പെടേണ്ട വിലാസം:

**K.V. Mathew, SCMES, P.O Box-21, Pazhavangadi, Ranni.**



# ഗോൽഗോഥാ

കെ.പി. ജോസ്, കൊടകര

ഏദനിലാദിമനുജർക്കവരുടെ തേജസ്സകന്നു പാപത്താൽ
പടികളടച്ചു പുറത്താക്കി മനുവേലനമർത്യ കാപ്പാനായി
ഇതു ഗോൽഗോഥാമല ദൈവത്തിൻ ബലി
പുത്രനമർന്നൊരു ഗോൽഗോഥാ (2)
തേജസ്സകന്നവരോടിയൊളിച്ചു ഏദനിൽ
നഗ്നത നാണത്താൽ
പാപക്കറകൾ മറച്ചു പച്ചിലകൂട്ടിത്തുന്നി
മേലാടാ, തീക്കനിതിന്നു മരിച്ചു നരകുല
നാരിയൊരുത്തിവിനാശിനായ്
നരഗാഗ്നിക്കതുകാരണമവനിതു
മരണകരങ്ങളിലാകുനായ് (ഇതു ഗോൽഗോഥാ....)
കുരുതി കൊടുത്തവന്നൂരിയെടുത്തതിൻ
തോലുകൊടുത്തവന്നുടയാടാ (ഇതു ഗോൽഗോഥാ...)
സർപ്പത്തിൻ കെണി മർത്യനറിഞ്ഞോ
സ്വർപ്പുരവാതിലടച്ചതറിഞ്ഞോ
നാണമറിഞ്ഞോ, നഗ്നതയാലൊളിപൂണ്ടതറിഞ്ഞോ
മരണമറിഞ്ഞോ, നരകമറിഞ്ഞോ
നരകുലപാപവിനാശമറിഞ്ഞോ (ഇതു ഗോൽഗോഥാ..)
കരയാനാണു മനുഷ്യശ്രമം
കരഗതമായതു പാപവിഷം
ഇതുഗോൽഗോഥാ മല തന്നിലമർന്നൊരു
ദൈവത്തിൻ നിജപുത്രനവൻ
ദൂരെയിരുന്നവർ ദുഃഖിച്ചു
ആരാണിനിയൊരു രക്ഷ തരാൻ
പാപമണിഞ്ഞ മനുഷ്യർക്കതുവെറും
പാഴായുള്ള പഴയകഥ
സ്വർഗ്ഗത്തിലതു പ്രതിധ്വനിയായ്
ആരാണവരുടെ രക്ഷകനായ്
പ്രതിനിധി മരണമതാസ്വദിപ്പാനായ്
പ്രകൃതിയിലാരുണ്ടാഗതനായ്
മൺപൊടിനിർമ്മിതമായ മനുഷ്യനു
തൻബലിയാലൊരു മോക്ഷമിതാ
തന്നുടെ മടിയിൽ നിന്നിറങ്ങിയവൻ
മന്നിതിൽ വന്നുമരുപ്പതിനായ് (ഇതു ഗോൽഗോഥാ..)

# ബി.സി.സി.എഫ് പ്രവർത്തനങ്ങൾ

**പുത്തൻകാവ്:** 27-9-11 ൽ ബി.സി.സി.എഫിന്റെ പൊതുയോഗം പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ ചെയർമാൻ ബ്രിഗ്.റ്റി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. നമ്മുടെ സഭകളുടെയും ദൈവജനത്തിന്റെയും അനുഗ്രഹത്തിനും നന്മയ്ക്കുമായി പ്രവർത്തനങ്ങൾ ശുഷ്ക്കാന്തിയോടെ മുമ്പോട്ടു കൊണ്ടു പോകാൻ തീരുമാനിച്ചു.

പ്രധാന തീരുമാനങ്ങൾ പൊതു അറിവിനും പ്രാർത്ഥനയ്ക്കുമായി രേഖപ്പെടുത്തുന്നു.

1. നിലവിൽ ചുമതലയുള്ള സഹോദരൻമാർ തുടരുന്നതാണ്.
2. ഇന്ത്യൻ ബ്രദറൺ മാസികയുടെ പബ്ലീഷർ ചുമതല സഹോ. ബിനു സാമുവേൽ നിർവ്വഹിക്കുന്നതാണ്.
3. കേരളത്തിലെ ബ്രദറൺ സഭകളുടേയും സ്ഥാപനങ്ങളുടേയും ഒരു ഡയറക്ടറി ഈ വർഷം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. സ്റ്റുവേർഡ്സ് അസോസിയേഷൻ ഇൻ ഇന്ത്യ ചില വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിലെ ബ്രദറൺ സഭകളുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ സത്യം ലിറ്ററേച്ചർ സർവ്വീസ് 1997-ൽ കേരളത്തിലെ സഭകളുടെ ഡയറക്ടറി പ്രസിദ്ധീകരിച്ചിരുന്നു. 'ബ്രദറൺ സഭകൾ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും പരസ്പരം സഹകരിക്കുന്നതിനും വേണ്ടിയാണ് ഇങ്ങനെയൊരു ഉദ്യമത്തിനു മുതിരുന്നത്' (സത്യം ലിറ്ററേച്ചർ ഡയറക്ടറിയിലെ ആമുഖ പ്രസ്താവന). ഇതേ ഉദ്ദേശത്തോടെ പ്രസിദ്ധീകരിക്കുന്ന ഡയറക്ടറിയുടെ ക്രമീകരണങ്ങൾക്കായി താഴെപ്പറയുന്ന സഹോദരൻമാർ ഉൾപ്പെടുന്ന ഒരു കമ്മറ്റി രൂപീകരിച്ചു. കെ.എം. ജോൺസൺ (കണ്ടൻപേരൂർ) കൺവീനർ, കെ.യു. തോമസ് (കണ്ണൂർ), റ്റി.കെ. കുഞ്ഞുതോമസ് (അടൂർ), അലക്സ് മേൽപ്പാടം (തിരുവല്ല), എം.സി. ജോർജ്ജ് (തൃശ്ശൂർ), സാജൻ കുരവയ്ക്കൽ (കാസർഗോഡ്), സി. ദാസ് (തിരുവനന്തപുരം)

# മഹത്വത്തിൽ



**തിരുവനന്തപുരം:** കേശവദാസപുരം പേരങ്ങാട്ടു പടിക്കൽ ബ്രദർ. പി.റ്റി. ജോർജ്ജ് (77) സെപ്റ്റംബർ 20-ാം തീയതി താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. പരുത്തിപ്പാറ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. സഹധർമ്മിണി ശാന്തമ്മ പരേതനായ എം. കോശി സാറിന്റെ മകളാണ്.മക്കൾ: ബിജി, ജിബി, ലിജി, ജിലി. മരുമക്കൾ- ലൗലി, ജയിംസ് വറുഗീസ്, ബിജോ ആന്റണി, സുവിശേഷകൻ കോശി എം പോൾ. ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർത്താലും.



**കുമ്പനാട്:** ബ്രദറൺ സഭാ മൂപ്പൻമാരിൽ ഒരാളായ പുതുപ്പറമ്പിൽ പി.എം. ചാക്കോ (88) നിര്യാതനായി. സംസ്കാരം 15 ശനി രാവിലെ. ഭാര്യ: റാന്നി ചരിവുകാലായിൽ റേച്ചൽ, മക്കൾ: ഗ്രേസി, കുഞ്ഞുമോൾ, ബാവച്ചൻ, ബേബിക്കുട്ടി, ലില്ലിക്കുട്ടി. മരുമക്കൾ: മാത്തുക്കുട്ടി, കുഞ്ഞുമോൻ, മേരിക്കുട്ടി, ജയിനമ്മ, തമ്പിക്കുട്ടി, ജസി. ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർത്താലും.

**മേല്പാടം:** ബ്രദറൺ സഭാ മൂപ്പൻമാരിൽ ഒരാളായ അങ്കമാലിൽ എ.ജി. ഫിലിപ്പിന്റെ ഭാര്യ ഗ്രേസ് ഫിലിപ്പ് (74) നിര്യാതയായി. സംസ്കാരം വെള്ളിയാഴ്ച സഭാ സെമിത്തേരിയിൽ.

# ബിലിവേഴ്സ് റിലീഫ് ട്രസ്റ്റ്

ഈ ട്രസ്റ്റിന്റെ 32-ാമതു വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. വേർപെട്ട ദൈവമക്കളുടെ മദ്ധ്യത്തിൽ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന വിശ്വാസികളെ സഹായിക്കുന്നതിനായി 1979 മെയ് 1ന് രൂപീകരിക്കപ്പെട്ട ഈ ട്രസ്റ്റിന്റെ ശുശ്രൂഷകൾ അനുഗ്രഹിക്കപ്പെട്ട നിലയിൽ മുമ്പോട്ടു പോകുന്നു. വിധവകൾ, ചികിത്സ, വിവാഹം, ഭവനനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ സഹായം നൽകിക്കൊണ്ടിരിക്കുന്നു. 2010 -2011 ലെ വരവ് 70,63,946 രൂപാ ലഭിച്ചതിൽ ചികിത്സയ്ക്ക് 7,78050 രൂപയും വിവാഹാവശ്യങ്ങൾക്ക് 453750 രൂപയും ഭവന നിർമ്മാണത്തിന് 28,45,370 രൂപയും നൽകുകയുണ്ടായി. ഈ ട്രസ്റ്റിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെയോർത്ത് ദൈവജനം പ്രാർത്ഥിക്കണം. സെക്രട്ടറി. കെ. എസ്. ജോൺ. ജോയിന്റ് സെക്രട്ടറി. ഒ. റ്റി. ചെറിയാൻ.

# ബി.ജി.എഫ്. സുവിശേഷയാത്ര

**റാന്നി:** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് ഒക്ടോബർ 26ന് ആലപ്പുഴയിൽ സുവിശേഷയാത്ര നടത്തും. രാവിലെ 7ന് ബ്രദറൺ ഓഡിറ്റോറിയത്തിൽനിന്ന് യാത്ര ആരംഭിക്കുന്ന ടീം ആലപ്പുഴയിലെത്തി ബോട്ടുമാർഗ്ഗം തീരങ്ങളിൽ സുവിശേഷസന്ദേശം അറിയിക്കും. വൈകുന്നേരം പുന്നപ്ര സഭാഹാളിലെ യോഗത്തോടു കൂടി പരിപാടികൾ സമാപിക്കും. സാം ഫിലിപ്പ്, ജോർജ്ജ് ജേക്കബ്, എം.എ. ജോസഫ് തുടങ്ങിയവർ നേതൃത്വം നല്കും.

*Fundamental Doctrines*

# THE VIRGIN BIRTH OF CHRIST

**DR. JOHNSON C. PHILIP**

While some fundamental doctrines find repeated mention from our pulpits and in our teaching ministries, there are other equally important doctrines that at times do not receive the same attention. I have not read a serious article on this topic in any periodical for close to two decades. However, Virgin Birth is such an important doctrine and that it is high time that we gave due attention it in our generation.

According to this doctrine, Lord Jesus Christ was conceived and born of a virgin. There was no sexual union of a man and a woman in this case, but rather the embryo was formed in Mary's womb as a result of a miracle performed by God the Holy Spirit.

Biblical Passages: The earliest direct reference to Virgin Birth is found in Genesis 3:15 which says "And I will put enmity between thee and the woman, and between thy seed and her seed; it shall bruise thy head, and thou shalt bruise his heel." Here the Messiah is specifically referred to as the seed of the "Woman" and not of man, though a person is always referred as the offspring of his father.

The above passage in Genesis is explained and reinforced through a direct prophecy in Isaiah 7:14 which says "Therefore the Lord Himself shall give you a sign; Behold, a virgin shall conceive, and bear a Son, and shall call His name Immanuel." This prophecy makes it clear that rather than being a seed of man and woman, the Messiah would be born of a woman without any contribution from man. Thus the Messiah would be virgin-born.

A few centuries after this prophecy come the New Testament narratives related to the conception and birth of Christ. They make clear that Mary conceived not through Joseph, but through a direct divine intervention of God the Holy Spirit. We read: "Now the birth of Jesus Christ was on this wise... she was found with Child of the Holy Ghost." (Matthew 1:18), "The angel of the LORD appeared unto him in a dream, saying, Joseph, thou son of David, ... that which is conceived in her is of the Holy Ghost." (Matthew 1:20), "And the angel answered and said unto her, The Holy Ghost shall come upon thee, and the Power of the Highest shall overshadow thee: therefore also that Holy Thing which shall be born of thee shall be called the Son of God." (Luke 1:35).

That the prophecy about the Virgin-birth of the Messiah that came through Isiah was fulfilled is then affirmed in Matthew 1:23 where we read, "Behold, a virgin shall be with Child, and shall bring forth a Son, and they shall call His Name Emmanuel, which being interpreted is, God with us."

Thus starting from the prophetic passage in Genesis about the Seed of the Woman up to the gospels the theme of the Virgin-birth of Christ is found repetitively. It is found in the form of prophecy, as historical report, and also as confirmation that the prophecy has been fulfilled. There are scores of other verses that we can cite on this topic, but the above-mentioned key verses would suffice for our present study.

Reason For The Virgin Birth: The Saviour of mankind had to be sinless. At the same time, we read in Psalms, 51:5 "Behold, I was shapen in iniquity; and in sin did my mother conceive me" . This is a reminder that conception is the point when human sin nature is passed on to the next generation. This means that if Lord Jesus had to be free from sin, His coming into Mary's womb should take place in some way other than normal man-woman related conception. The divine solution is Virgin-conception and virgin-birth: a conception and birth without the intervention of the human male in fertilization.

We get a clue to this in 1 Timothy 2:14 which says "And Adam was not deceived, but the woman being deceived was in the transgression". As we read the background of this verse, it becomes clear that though Adam and Eve both ate the forbidden fruit, their trespass is seen in different ways by God. According to it, Even trespassed when she fell into a trap. On the contrary, Adam did not fall into any trap. He very well knew what he was going to do, and ate the forbidden fruit of his own free will. As a result, we deduce, man became the person in a sexual union to pass on human sin nature to the next generation.

Through Virgin-conception and Virgin-birth God simply bypassed the normal route of birth through sexual union. Instead, He used Mary as a vessel to carry the Messiah, but the conception took place through the miraculous outworking of the Holy Spirit. This is Virgin birth.

Importance Of The Doctrine: Lord Jesus had to be both God and true man to be man's Saviour. The same thing was necessary for Him to be an intermediary. At the same time He had to be totally sinless. These, and many other things, are possible only if He came to this world as totally human, but without a sin nature. Virgin-birth is the solution that God offered in this matter. Thus here is a doctrine that is both important as well as non-negotiable. Any compromise with this doctrine will end up with dilution of all other fundamental doctrines.

# YMEF(N) Andhra Pradesh Arrest And After...

**Dr. Saneesh Cherian**

Eight brethren with Young Men's Evangelistic Fellowship Team (North) who have been working in Andhra Pradesh were taken into Police Custody on 24th September. Four brothers from Kerala state and 4 brothers from Andhra Pradesh were taken into police custody when they were preaching the gospel in streets of Karimnagar, Andhra Pradesh.

According to the information that Indian Brethren has been able to gather, the brothers were preaching peacefully, and with full police permission. However, a group of people hostile to the Christian gospel started a strong verbal attack against them. They also incited the crowds to attack these Christian preachers. Soon the police arrived and took the brethren away saying this is for their own safety. However, a crowd of several hundred anti Christian people gathered and protested at the Police Station. Thus the Police were forced to keep all the 8 brothers in the Police Station itself.

The anti-christian and anti-gospel elements were finally been able to force the Police to take adverse action against the Christians. These people produced witnesses that claimed that the Christians were indulging in "religious conversion" and that they stood in front of a non Christian religious place and asked people to become Christians. Finally the Police have made it a case of "spreading communal hatred" which is generally a non-bailable and a very serious offense.

Since the region in AP where these people were taken into Police Custody was already undergoing a political unrest (the Telangana Problem), there was widespread strike in that region for many days and courts and government offices were unable to function full time. As a result, though the brothers were taken to a Court, the case could not be presented to a judge and the brothers were sent back to Police Custody on Saturday.

The brothers in that region have hired a lawyer who pleaded for these people on Monday, and they were released conditionally. However, the Jeep which they were using continues to be in custody since it has been named as an instrument in this "crime". The release of the vehicle requires a separate legal procedure with the help of a lawyer.

Release of the Brethren does not close the chapter. The FIR contains serious charges against them and eventually the case will go for discussion in front of a judge who will then order further hearing and cross examination of the witnesses. The case of getting the vehicle released will also undergo a similar procedure. We need a miracle from the Lord to see that our brothers come out of the case unhurt.

Indian Brethren readers should keep it in mind that though the constitution of India guarantees the freedom to "propagate" one's religion, it does not automatically guarantee the freedom to "convert" or proselytize others (as per the latest social/media sentiment and common interpretation of the constitution). Thus getting charged with attempt to "convert" others can take a serious turn if the Lord does not intervene.

Exactly they way the saints did at the time of the Apostles (the book of Acts), let each one of us get on to our knees individually, as families, and as churches that the Lord would intervene in the present situation, that no harm be done to our innocent brethren, and that the charges against them might be dropped as soon as possible.

# THE INDIAN BRETHREN MOVEMENT

The other day a visitor from a church similar to the Brethren asked a serious question. As we were talking, he observed that their Bible-based churches will probably fall away from their original faith and commitment in less than half a century. He then asked me why such a thing did not happen in the assemblies of the Brethren, though that movement is a century old in India.

I had to remind him first that it is one century and a decade, many more years than he had reckoned. And then I told him that the reason was not far to seek. The first reason is that the right from the beginning, the assemblies in India have taken evangelism seriously, based upon the Lord's command, "Go ye therefore, and teach all nations, baptizing them in the name of the Father, and of the Son, and of the Holy Ghost" (Matt 28:19).

So seriously did they take this command that while the missionary force from assemblies has been dwindling in many countries, it has continually been increasing in India. This in turn has resulted in the planting of news assemblies every year for the last 110 years or more. These new assemblies have in turn infused new believers and a new commitment in our midst, keeping the lamp of testimony kindled!

The second factor that kept the assemblies alive and active in India is their commitment for regular gathering as per the Lord's command: "For where two or three are gathered together in my name, there am I in the midst of them" (Matt 18:20 ). When burning coals come together, they help each other to keep going. In our assemblies this gathering is often kindled by the knowledge that the Lord is surely there in their midst, motivating believers not to forsake such gatherings.

I agree that not all is well, and I am not trying to project a rosy picture of our imperfections. Not at all. There are many things wrong in the assemblies, yet it is surprising that beating the prediction of Church History experts the assemblies in India continue to show signs of life, vitality, and evangelist fervor. The reasons have been outlined above, and this is a reminder to be committed to those things that have kept us alive and active.

# CHRISTIANS AS WELL AS INDIANS

Many non Christians in North India ask: isn't alcohol a common drink in your homes, isn't morally loose living permitted in the Christian society, etc. Though we have been in India for 2000 years, wrong images continue to be projected about Christians. Indian Christians need to have a careful look at their life and practices to realize how much westernized they are, and how this westernization is perceived by our fellow Indians as marks of a Christian. For example, in the well known hoarding that says "Hindu, Muslim, Sikh, or Christian, we are all one", everyone except the Christian is shown in Indian clothing. The Christian is depicted in suit-tie and a cap. That is amazing because of the 20 million Christian males in India, perhaps not even one per cent uses ties and perhaps not even one hundredth of that number uses hats. Many churches have regular evangelistic outreached, but instead of singing songs that touch the Indian mind and heart they opt for English songs that is totally strange and alien for the listeners. Worse, they use musical instruments that are also at variance with the psyche of the common Indian. A look at Christian literature shows the same problem. Material printed for distribution to non Christians profusely use words like Calvary, God's Lamb, Baptism, Breaking of Bread, etc. Not that there is any shortage of good words in Indian language, but we are often too lazy to look for them. Even the messages meant for non Christians are often loaded with Christian or English words. I had a second look at the Hindi Bible when one of the professors in my department once said, "You guys have produced Bible in a kind of Hindi that nobody uses and that practically nobody understands". He was right. On another occasion he said, "You guys do not know how to honour Jesus Christ. Though numerous words of honour are available in Hindi, you Christians address Lord Jesus as though he were a servant or a person of a very low social standing". Again, he was right. Mahakavi KV Simon was a good example of a person who understood the need to serve the gospel of Christ in an Indian cup. His Vedavhiharm (Traversing Through Scriptures) and his songs based upon classical Indian tunes are a good example of Indianization without compromise. Indian Christians need to take a hard look at their life and practices to see what message they have been conveying to their neighbours. If they are telling them that western culture is equal to Christianity, the message of Christ is most likely going to be rejected.

# ARCHEOLOGY CONFIRMS BIBLE

The years 2010 and 11 have been very fruitful for Bible-related discoveries in the Holy Land and around. The latest discovery includes a Roman Sword from around AD 70, and the engraving of a Menorah on a piece of stone dating around AD 66. These discoveries came when the Israelis were excavating a drainage channel in the ancient City of David. This discovery has confirmed that the drainage channel of the city, from which these objects were discovered, served as a hiding place for Jews during the Roman siege of the Jewish temple. The ancient drainage channel begins in the Siloam Pool and runs from the City of David to the archaeological garden near the Western Wall. The excavations are being conducted on behalf of the Israel Antiquities Authority. The carving of the Menorah gives us the closest evidence of how it looked like when it was used by the Jews. The temple which was destroyed in AD 70 was built by Herod, the non Jewish ruler of Jews and is often referred to as the Second Temple. The sword in in a very good state of preservation, and the leather scabbard which usually disintegrates very fast in such circumstances was in such good condition that some of its decoration was till visible. This is the third Roman sword discovered in recent times.

പി.ബി. നമ്പർ 38
കുമ്പനാട്
കേരളം – 689547
ഫോൺ: 9495204611
indianbrethrennews@gmail.com
www.indianbrethren.org

MONTHLY
# Indian Brethren
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

വാർഷിക വരിസംഖ്യ ₹ 100
2011 OCTOBER
For private circulation only

## സ്റ്റുവേഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യയ്ക്ക് പുതിയ ഭാരവാഹികൾ

2011 സെപ്റ്റംബർ 15–ാം തിയതി ബാംഗ്ളൂർ ഓഫീസിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ താഴെപ്പറയുന്ന സഹോദരന്മാരെ ഭാരവാഹികളായി തെരഞ്ഞെടുക്കുകയുണ്ടായി. **ഗവേണിംഗ് ബോഡി:** ഡോ. എം. പി. ജോസഫ് D (Ortho), M.S. (Ortho) P.hd. (ചെയർമാൻ), തോമസ് രാജൻ (ജനറൽ സെക്രട്ടറി & ട്രഷറാർ), കെ.സത്യനാരായണ (ആന്ധ്രാ പ്രദേശ്, വൈസ് ചെയർമാൻ), ഐസക് കാന്ത് രാജ് (കർണ്ണാടക, മെമ്പർ), അഡ്വ. ജോൺ വിക്ടർ M.A. L.L.B. (ചെന്നൈ, മെമ്പർ)

**കേരളാ ഡിവിഷൻ മാനേജിംഗ് കമ്മറ്റി:**

പ്രൊഫ. ജേക്കബ് തോമസ് (ചെയർമാൻ), പി.പി. മാത്യു (സെക്രട്ടറി), വി. കുര്യാക്കോസ് (ജോയിന്റ് സെക്രട്ടറി), എം.എം. സഖറിയ (പുതുപ്പള്ളി, മെമ്പർ), അഡ്വ. ബേബി പോൾ (അങ്കമാലി, മെമ്പർ), എം.സി. ജോൺ (തിരുവനന്തപുരം, മെമ്പർ).

നിലവിലുള്ള കമ്മറ്റി അംഗങ്ങൾക്കു പറമെ കേരള ഡിവിഷൻ കമ്മറ്റി അംഗമായി സുവി. സി.പി. അനിയനെ പുതിയതായി തെരഞ്ഞെടുക്കുകയുണ്ടായി.

## പുതിയ പ്രവർത്തനം

**വെള്ളത്തൂവൽ:** നക്സൽ നേതാവായിരുന്ന വെള്ളത്തൂവൽ സ്റ്റീഫന്റെ നാട്ടിൽ ദൈവസ്നേഹത്തിന്റെ സാക്ഷ്യവുമായി പുതിയ പ്രവർത്തനത്തിന് തുടക്കം. ഇതിനോടനുബന്ധിച്ച് ജൂലൈ 13 മുതൽ 15 വരെ സുവിശേഷ ക്യാമ്പ് നടന്നു. വളരെയേറെപ്പേർ വചനം ശ്രദ്ധിച്ചു. ഹൈറേഞ്ചിലെ സുവിശേഷകൻമാരും സഹോദരൻമാരും പങ്കെടുത്തു. ഒരു സ്ഥലംസഭാ ലക്ഷ്യത്തിൽ നടക്കുന്ന ഈ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ദയവായി ബന്ധപ്പെട്ടാലും. വി.എം പോൾ. രാജകുമാരി സൗത്ത് പി.ഒ, ഇടുക്കി 685617.

## ബ്രദ്റൺ ജനറൽ കൺവൻഷൻ

**കുമ്പനാട്:** 109–ാമതു ജനറൽ കൺവൻഷൻ 2011 ഡിസംബർ 25 മുതൽ 2012 ജനുവരി 1 ഞായർ വരെ കുമ്പനാട്ട് കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. കർത്തൃദാസൻമാരായ ഡോ.ഓ.എം. സാമുവേൽ, എം.എം. സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കെ. കുര്യൻ, ജോസ് മാത്യു, ജോൺ പി തോമസ്, സാമുവേൽ ബി. തോമസ്, റ്റി.ജി. ബെന്നി തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തെ കൺവൻഷനിൽ താഴെപ്പറയുന്ന തീയതികളിൽ പ്രത്യേക പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു.

26 തിങ്കൾ 10.00–3.30 : ബാലസംഘം സൗത്ത് ഡിവിഷൻ സമ്മേളനം

27 ചൊവ്വ 10.30–1.30 : സുവിശേഷകൻമാരുടെ സമ്മേളനം

കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ താമസിച്ചു പ്രവർത്തിക്കുന്നവർ കൂടാതെ പതിവായി ഈ മീറ്റിംഗിൽ സംബന്ധിക്കുന്ന സുവിശേഷകൻമാരും പങ്കെടുക്കുവാൻ താൽപ്പര്യപ്പെടുന്നു.

28 ബുധൻ 10.30–1.30 : സോദരീസമാജം പ്രത്യേകാൽ സമ്മേളനം

29 വ്യാഴം 10.30–1.30:മിഷനറി മീറ്റിംഗ്

31 ശനി 10.00–2.00 : കുടുംബസംഗമം

## ഇവാൻജലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രീസ്

**എറണാകുളം:** പതിനേഴ് വർഷങ്ങൾക്ക് മുമ്പ് ഭാരതസുവിശേഷീകരണം സുവിശേഷ സാഹിത്യങ്ങളിലൂടെ എന്ന ലക്ഷ്യവുമായി സമാരംഭിക്കപ്പെട്ട ഒരു പ്രവർത്തനമാണ് ഇവാൻജലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രീസ്.

മലയാള ഭാഷയിൽ ആവശ്യമുള്ള ലഘുലേഖകളും ചെറുപുസ്തകങ്ങളും പ്രസിദ്ധീകരിച്ചുകൊണ്ട് തുടക്കം കുറിച്ച ഇ.എൽ.എം ഇപ്പോൾ തമിഴ്, തെലുങ്ക്, ഒറിയ, ഹിന്ദി, ബംഗാളി, പഞ്ചാബി ഇംഗ്ലീഷ് ഭാഷകളിലും ആയിരക്കണക്കിന് സുവിശേഷ സാഹിത്യങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നു.

മനുഷ്യഹൃദയം, ആത്മരക്ഷ, അന്ത്യന്യായവിധി, ആത്മരക്ഷയും ജീവിതവും, നിത്യത എവിടെ എന്നീ ചെറു പുസ്തകങ്ങൾ ഇതര ഭാഷകളിലേക്ക് മൊഴി മാറ്റം നടത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വളരെയേറെ ആളുകൾക്ക് രക്ഷകനെ കണ്ടെത്തുന്നതിനും സത്യപാത തെരഞ്ഞെടുക്കുന്നതിനും ഈ ശുശ്രൂഷ മുഖാന്തരമായിട്ടുണ്ട്. സുവിശേഷകൻമാർ മാത്രമല്ല സുവിശേഷ സ്നേഹികളായ സഹോദരി സഹോദരന്മാരും ട്രാക്റ്റുകളും ബുക്കുലെറ്റുകളും വിതരണം ചെയ്യുവാൻ മുന്നോട്ടു വരുന്നുണ്ട്. സഹോദരന്മാരായ കെ. ദാനിയേൽ വില്യംസ്, പി.പി. ജോർജ്ജ്, ബാബുക്കുട്ടി തോമസ്, ഷോംബേ പുത്തൂരാൻ, എ.ജി ജോർജ്ജ്, ബിജി മാത്യു, ജോയ് സാമുവേൽ, പി.റ്റി. ജോൺ, റ്റി ജോൺസൺ, ജോൺസ് ഏബ്രഹാം എന്നിവരാണ് പുതിയ ഭരണസമിതി അംഗങ്ങൾ. 5,40,195 രൂപയുടെ വരവും ചെലവും അടങ്ങുന്ന കണക്കും പ്രസിദ്ധീകരിച്ചിട്ടുണ്ട്.



*എസ്ബിഎസ് ജനറൽ ക്യാമ്പിൽ സൂസമ്മടീച്ചർ അനുഭവസാക്ഷ്യം പങ്കുവെയ്ക്കുന്നു.*

## ബൈബിൾ ക്ലാസ്സും സ്നാനശുശ്രൂഷയും

**എരുമേലി:** ശാലേം ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ സെപ്റ്റംബർ 17,18 തീയതികളിൽ ബൈബിൾ ക്ലാസ്സ് നടന്നു. സഹോ. ഏബ്രഹാം വർഗീസ് കർത്താവിന്റെ വീണ്ടും വരവും അനന്തര സംഭവങ്ങളും എന്ന വിഷയത്തിൽ ക്ലാസ്സുകൾ എടുത്തു. സമീപസ്ഥലങ്ങളിൽ നിന്നും വിശ്വാസികൾ പങ്കെടുത്തു. പുതിയ ഒരു കുടുംബം കൂടെ വിശ്വാസസ്നാനം സ്വീകരിച്ചു സഭയോട് ചേർന്നു. സഭയേയും പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർത്താലും.

## പത്തനംതിട്ട കൺവൻഷൻ

**പത്തനംതിട്ട:** പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലമുള്ള ബ്രദറൺസഭകളുടെ ഐക്യ കൺവൻഷൻ 2011 ഡിസംബർ 18 മുതൽ 25 വരെ സുവിശേഷാലയ ആഡിറ്റോറിയത്തിൽ നടക്കും. സഹോദരൻമാരായ ജോസ് മാത്യൂസ്, ഡോ. ഓ.എം സാമുവേൽ, വർഗീസ് കുര്യൻ, ബിനു സാമുവേൽ, പി.ജി. ജയിംസ്, എബി കെ ജോർജ്ജ്, റോയി മാത്യു, ജോർജ്ജ് കോശി എന്നിവർ വചന പ്രഘോഷണം നടത്തും. പ്രമുഖ ഗായകരടങ്ങുന്ന ടീം ഗാനങ്ങളാലപിക്കും. സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികളുടെ പ്രവർത്തനത്തിൽ തത്പരരായവർക്കു വേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകൾ, സോദരി സമാജം, ബാലസംഘം, പ്രാർത്ഥനായോഗം തുടങ്ങിയ പരിപാടികൾ കൺവൻഷനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്.

## റാന്നി കൺവൻഷൻ

റാന്നി: പ്രാദേശിക ബ്രദറൺ സഭകളുടെ സംയുക്ത കൺവൻഷൻ നവംബർ 29 മുതൽ ഡിസംബർ 4 വരെ ഇട്ടിയപ്പാറ ബ്രദറൺ ഓഡിറ്റോറിയത്തിൽ നടക്കും. പ്രമുഖ വചനപ്രഘോഷകരായ ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ, ജോൺ കുര്യൻ, ചാൾസ് ജോൺ, സ്റ്റീഫൻ ചെറിയാൻ എന്നിവർ സന്ദേശം നൽകും.

രാത്രിയോഗങ്ങൾ കൂടാതെ സോദരീസമാജം, കുടുംബസംഗമം, ബൈബിൾ ക്ലാസ്സുകൾ, ബാലസംഘം സമ്മേളനം എന്നിവയും പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൺവൻഷൻ ഗായകസംഘം ഗാനശുശ്രൂഷ നിർവ്വഹിക്കും. ഡിസംബർ 4ന് സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

## അടൂർ കൺവൻഷൻ

പരുത്തിപ്പാറ ബ്രദറൺ സഭയുടെ 102 മത് കൺവൻഷൻ 2012 ഫെബ്രുവരി 7–12 വരെ സഭാഹാളിനു മുൻവശം തയ്യാറാക്കുന്ന പന്തലിൽ നടക്കും. പ്രസംഗകർ മെസ്സേ. ബിനു സാമുവേൽ (ചാന്തുകാവ്), ജോർജ്ജ് ചാക്കോ (മാവേലിക്കര), ജോൺ പി തോമസ് (എറണാകുളം).

സഭയ്ക്കു വേണ്ടി
പി.പി മാത്യു, സി.എസ് തോമസ്.

## വാപിയിൽ സുവിശേഷ യോഗങ്ങൾ

**ഗുജറാത്ത്:** വാപി ക്രിസ്തൃൻ അസംബ്ലിയുടെ ചുമതലയിൽ വാപി ലയൺസ് ഹാളിൽ നവംബർ 24 മുതൽ 26 വരെ ബൈബിൾ പ്രഭാഷണവും സംഗീത ശുശ്രൂഷയും നടക്കും. ബ്രദർ വർഗീസ് കുര്യൻ സന്ദേശം നൽകും. മാത്യു ജോൺ ഗാനവിരുന്ന് ഒരുക്കും.

## സുവിശേഷ വയലിലേക്ക്

**പയ്യന്നൂർ** സ്ഥലം സഭാംഗമായ സഹോ. വി ജോൺസൺ ജോലി രാജി വച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി വേർതിരിഞ്ഞു. തിരുവല്ലയിൽ താമസിച്ച് ആത്മീക പ്രവർത്തനങ്ങളിൽ സഹകരിച്ചു വരുന്നു.

1989–ൽ പൂർണ്ണ സമയ സുവിശേഷ പ്രവർത്തകനായി തന്നെ സഭ കമന്റ് ചെയ്തിരുന്നു എങ്കിലും ജോലിയോടുള്ള ബന്ധത്തിൽ തുടരുകയായിരുന്നു. ഗുജറാത്തിലെ ഗാന്ധിധാമിൽ പ്രവർത്തിക്കുന്ന സൈമൺ പയ്യന്നൂരിന്റെ സഹോദരനാണ്. വിലാസം: വി ജോൺസൺ, മൊഴാശ്ശേരി ഗ്രെയ്സ് വിള, കാട്ടൂക്കര റോഡ്, തിരുവല്ല 689 101

## എസ്.ബി.എസ് ടീൻസ് സ്പെഷ്യൽ ക്യാമ്പ് 2012

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം 9,10,11,12 ക്ലാസ്സുകളിൽ 2012 മാർച്ചിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്കു വേണ്ടി നടത്തുന്ന ടീൻസ് സ്പെഷ്യൽ ക്യാമ്പ് 2012 ഏപ്രിൽ 2 മുതൽ 7 വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ നടക്കുന്നതാണ്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിപ്പനപേക്ഷ.

**ബിനു സാമുവേൽ**

## ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ് പ്രോഗ്രാം

**ഗുജറാത്ത്:** അഹമ്മദ്ബാദ് ബ്രദറൺ സഭയുടെ ചുമതലയിൽ 2011 ഒക്ടോബർ 30 മുതൽ നവംബർ 4 വരെ സെന്റ് സേവ്യേഴ്സ് സ്കൂൾ കാത്തോലിക് പാസ്റ്റേഴ്സ് സെന്ററിൽ വച്ച് ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ് നടക്കുന്നതാണ്. ഏബ്രഹാം തോമസ് (കൊച്ചി), ബിനു സാമുവേൽ (പത്തനംതിട്ട) ഏബ്രഹാം തോമസ് (പുല്ലാട്), സാം മാത്യു (സാമന്തവാടി) തുടങ്ങിയവർ ക്ലാസ്സുകൾ എടുക്കുന്നതാണ്. പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥന ക്ഷണിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **ഫോൺ: 094263 53835.**

*ജോർജ്ജ് മാത്യു, റെൻസി സ്കറിയ, ജോർജ്ജ് മാത്യു കെ.*

## അടിയന്തര പ്രാർത്ഥനയ്ക്ക്

**എഴുമറ്റൂർ:** മലേക്കീഴ് സഭയുടെ മൂപ്പൻമാരിൽ ഒരാളായ സഹോ. രാജു ജോർജ്ജ് മരത്തിൽ നിന്നും വീണ് കോട്ടയം മെഡിക്കൽ കോളേജ് ഐ.സി.യു വിൽ കഴിയുന്നു. ഒരു മേജർ ഓപ്പറേഷന് വിധേയനായ സഹോദരന്റെ സൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കണം. ചികിത്സാ ആവശ്യങ്ങൾക്കായി വലിയ സാമ്പത്തീകം ആവശ്യമുണ്ട്. ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ കുടുംബത്തെ പ്രാർത്ഥനയിൽ ഓർത്താലും. വിലാസം: രാജു ജോർജ്ജ്, വട്ടാണിയിൽ, തടത്തിൽ, എഴുമറ്റൂർ പി.ഒ, മല്ലപ്പള്ളി – 689 586

## ഹൈറേഞ്ച് സുവിശേഷക സമ്മേളനം

**മുരിക്കാശ്ശേരി:** ഹൈറേഞ്ചിലെ സുവിശേഷകൻമാരുടെ ആത്മീയ സംഗമം സുവി. പി.ഡി വർഗീസിന്റെ ഭവനത്തിൽ ആഗസ്റ്റ് 8 ന് നടന്നു. യൂദയുടെ ലേഖനം ധ്യാനവിഷയമായി. ഹൈറേഞ്ചിന്റെ ആത്മീകവും ഭൗമികവുമായ വിഷയങ്ങൾ ഓർത്ത് പ്രാർത്ഥിക്കുന്നതിനും കൂട്ടായ്മ അനുഭവിക്കുന്നതിനും കൂടിവരവ് സഹായമായി. അടുത്ത യോഗം ഒക്ടോബർ 3 ന് പെരിഞ്ചാംകുറ്റിയിൽ സുവി. രാജൻ മാത്യുവിന്റെ ഭവനത്തിൽ നടക്കും. ഈ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിച്ചാലും.

## അറിയിപ്പ്

കരിന്തരുവിയിൽ നടന്ന സുവിശേഷകന്മാരുടെ പ്രത്യേക സമ്മേളനം ഷാർജാ ബ്രദറൺ സഭയിലെ ചില മൂപ്പൻമാരുടെയും ശുശ്രൂഷകന്മാരുടെയും മാത്രം ചുമതലയിലാണ് നടന്നതെന്ന് അറിയിച്ചിരിക്കുന്നു.

## ശുശ്രൂഷക സമ്മേളനം

**നിലമ്പൂർ:** കേരളത്തിന്റെ വടക്കൻ ജില്ലകളിലെ ബ്രദറൺ സഭാശുശ്രൂഷകൻമാരുടെ ത്രിദിന സമ്മേളനം കോഴിക്കോട് ബ്രദറൺ സഭാഹാളിൽ നടക്കും. ഒക്ടോബർ 11 മുതൽ 13 വരെ നടക്കുന്ന ക്യാമ്പിൽ സഹോ. ജോർജ്ജ് ചാക്കോ മുഖ്യ അതിഥി ആയിരിക്കും. മലബാറിലെ ശുശ്രൂഷകരും വിവിധ പരിപാടികൾക്ക് നേതൃത്വം നൽകും.

സുവിശേഷകൻമാർ, മൂപ്പൻമാർ, വിവിധ ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർ ക്യാമ്പിൽ പങ്കെടുക്കും. കഴിഞ്ഞ 17 വർഷമായി തുടർന്നു പോരുന്ന ഒരു ശുശ്രൂഷയാണ് ഇത്. ദൈവജനത്തിന്റെ പ്രാർത്ഥനാ സഹകരണങ്ങൾ ആവശ്യമുണ്ട്.

## ചിൽഡ്രൻസ് മീറ്റ് കണ്ടൻപേരൂരിൽ

**കണ്ടൻപേരൂർ.** റാന്നി സെന്റർ ബാലസംഘം ചിൽഡ്രൻസ് മീറ്റ് നടത്തുന്നു. ഒക്ടോബർ 26 ബുധൻ രാവിലെ 9: 30 മുതൽ 3: 30 വരെയാണ് സമ്മേളനം. ശാലേം ബ്രദറൺ ചർച്ചിന്റെ സഹകരണത്തിലാണ്. മൂന്നു വയസു മുതൽ 22 വയസ്സുവരെയുള്ള ബാലസംഘാംഗങ്ങൾക്ക് പങ്കെടുക്കാം. കഥ, സംഗീതം, വേദപരിചയം, വേദവിജ്ഞാനം എന്നിവയിൽ മത്സരങ്ങൾ നടക്കും.ബ്രദർ ഫിലിപ്പ് കെ. ആൻഡ്രൂസ് പുതുപ്പള്ളി മുഖ്യ അതിഥി ആയിരിക്കും. ബാലസംഘം പ്രവർത്തകർ നേതൃത്വം നല്കും.

ഫെബിൻ ജോൺസ് (സെക്രട്ടറി)

## മ്യൂസിക് ഫെസ്റ്റ്

**കോട്ടയം.** പാമ്പാടിയിലും പരിസരങ്ങളിലുമുള്ള 25ൽ പരം ബ്രദറൺ സഭകളുടെ സംയുക്ത സംരഭമായ പാമ്പാടി ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് 2012 ജനുവരി 11 മുതൽ 15 വരെ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടക്കും.

കർത്തൃദാസൻമാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ജോൺ കുര്യൻ, ജോസ് മാങ്കുടി, പി.ജി. ജയിംസ്, വർഗീസ് കുര്യൻ എന്നിവർ സന്ദേശം നൽകും. മാത്യു ജോൺ, കുട്ടിയച്ചൻ, ജെ.പി. രാജൻ, ജയിംസ് ജോൺ, ഫിലിപ്പ് കെ ആൻഡ്രൂസ് എന്നിവർ ഗാനവിരുന്ന് ഒരുക്കും.

Printed, published by Binu Samuel on behalf of BCCF Printed at Puthethu Offset, Kallissery. For Private Circulation Only. Chief Editor P.E. Samkutty.